Registered No. M-4485.

# യുദ്ധസഞ്ചിക

(ലോകമഹായുദ്ധത്തിന്റെ ഒരു പ്രതിവാരചരിത്രസംക്ഷേപം)

വോള്യം III]    1943 സെപ്റ്റംബർ 24-ാംനു, വെള്ളിയാഴ്ച    [ലക്കം 4

## റഷ്യയുടെ ഗദാപ്രഹരണം ജർമ്മനിയെ ഞെരിക്കുന്നു

റഷ്യൻ സൈന്യം ജർമ്മൻ നാസികളെ പ്രഹരിക്കുന്ന ഗദാപ്രഹരത്തിന്റെ പ്രതിദ്ധ്വനി കേൾക്കുന്നതു് അമേരിക്കക്കാരെ അത്യന്തം ആഹ്ലാദിപ്പിക്കുന്നു. റഷ്യക്കാരുടെ അടിക്കു ഫലമുണ്ടോ ഇല്ലയോയെന്നു ഒരു സംഗതികൊണ്ടാലോചിച്ചാൽ മതി; ഈ വേനൽക്കാല സമരത്തിൽ 1941-42 ൽ ജർമ്മൻകാർക്കുണ്ടായ പോലെയുള്ള പുരോഗതിയുണ്ടായിട്ടില്ലല്ലോ.



മി. റൂസ്‌വെൽട്ട്.

ഇത്തവണ ജർമ്മൻകാർ കാലിന്മേൽ ചെരുപ്പ് മാറിയിട്ട പോലെയിരിക്കുന്നു; ചെരുപ്പ് കടിക്കുന്നു; യാത്രക്കു വിഘ്നവും നേരിടുന്നു. യഥാർത്ഥത്തിൽ നെപ്പോളിയൻ 1812 ൽ റഷ്യയിൽനിന്നോടിയ ഓട്ടത്തിന്നു ശരിയായി ഇത്തവണ ഹിററ്ലർ ഓടിയതെ ഉള്ളു. ഖാർക്കോവ്, സ്റ്റാലിനോ മുതലായ നഗരികൾ വീണ്ടെടുത്തതും, തന്മൂലം യുക്കറൈൻ, ഡോണേട്സ് നദീതീരം മുതലായതുകൾ റഷ്യക്കു കൈവന്നതും, അനവധി ലക്ഷം ഏക്ര കൃഷിസ്ഥലങ്ങളും, ജനങ്ങളുടെ അധിവാസഭൂമിയും മോചിക്കപ്പെട്ടതും ലോകത്തിന്നൊട്ടാകെ സന്തോഷപ്രദമായിട്ടുണ്ടു്; കാരണം, റഷ്യൻ ജന്മഭൂമിയിൽനിന്നു ജർമ്മൻകാരെ പാടെ ഉന്മൂലനാശം ചെയ്യുന്നുവെന്നുമാത്രമല്ല, ജർമ്മനിയിലേക്കുതന്നെ റഷ്യൻ ആക്രമണം ചെന്നുചേരുകയും ചെയ്യുന്നു.

വടക്കൻ ആഫ്രിക്കയിലെ യുദ്ധം, സിസിലിയിലെ വിജയം, ഇററലിയിലെ യുദ്ധം, ഹോളണ്ടു്, ബെൽജിയം, ഫ്രാൻസ് എന്നീ രാജ്യങ്ങളിൽ ചെന്നു ഐക്യകക്ഷി വിമാനങ്ങൾ നടത്തുന്ന ആക്രമണം, ഇതു കൊണ്ടെല്ലാം റഷ്യൻ സൈന്യത്തിന്നു വളരെ ആശ്വാസത്തിന്നും പുരോഗതിക്കും കാരണമാകുന്നുണ്ടു്. ഞങ്ങളുടെ ഈ പരിശ്രമങ്ങൾ കാരണമായി അനവധി സൈന്യവ്യൂഹങ്ങളെ ബാൾക്കൻ പ്രദേശത്തും ഫ്രാൻസിലും മററു സ്ഥലങ്ങളിലും ജർമ്മനിക്കു നിർത്തേണ്ടിയുംവരുന്നു.

—പ്രസിഡെണ്ടു റൂസ്‌വെൽട്ടു്, അമേരിക്കൻ കോൺഗ്രസ്സിന്നു സെപ്റ്റംബർ 17-ാംനു അയച്ച സന്ദേശത്തിൽനിന്നു്.

## വിഷയവിവരം


| | ഭാഗം |
|---|---|
| റഷ്യയുടെ ഗദാപ്രഹരണം ജർമ്മനിയെ ഞെരിക്കുന്നു .. | 1 |
| മി. ഹെൻറി സ്റ്റിംസൺ, അമേരിക്കൻ യുദ്ധമന്ത്രി .. | 2 |
| സംക്ഷിപ്ത വാർത്താ വിവരണം .. .. .. | 3, 4 |
| യുദ്ധത്തിൻെറ പ്രാരബ്ധം .. .. .. | 5 |
| സമുദ്ര യുദ്ധം .. .. .. .. .. | 6 |
| ബർമ്മയെ ആക്രമിക്കാൻ തീർച്ചയാക്കിയിരിക്കുന്നു .. | 7 |
| മുസ്സോളിനിയുടെ പ്രസംഗം .. .. .. | 8 |
| നമ്മുടെ യുവജനങ്ങളോട് .. .. .. .. | 9 |
| യുദ്ധവർത്തമാനത്തിൽ ആരാണ്; എന്താണ് .. | 10 |
| ഈ യാഴ്ച: യുദ്ധരംഗങ്ങൾ .. .. .. | 11 |
| കാർട്ടൂൺ .. .. .. .. .. | 12 |


## മി. ഹെൻറി സ്ററിംസൺ, അമേരിക്കൻ യുദ്ധമന്ത്രി

"സലേർനോ യുദ്ധം മദ്ധ്യധരണിക്കടലിൻെറ പരിസരങ്ങളിൽവെച്ച് നടത്തുന്ന യുദ്ധങ്ങളിൽ ഏററവും ഭയങ്കരമായിട്ടുള്ളതാകുന്നു. അതെങ്ങിനെയാണ് കലാശിക്കാൻ പോകുന്നതെന്ന് ഇനിയും പറയാറായിട്ടില്ല. ഇപ്പോൾ നമ്മുടെ സ്ഥിതി ആ പ്രദേശത്ത് വളരെ ഗൌരവത്തിലാണ്. പക്ഷെ സൈന്യനേതാക്കന്മാർക്ക് യാതൊരു പരിഭ്രമവുമില്ല. അവിടെനിന്നൊഴിക്കേണമെന്നുള്ള വിചാരമേ ഇല്ല. അമേരിക്കൻ സൈന്യങ്ങളും ബ്രിട്ടീഷ് സൈന്യങ്ങളും വേണ്ടപോലെയും യുദ്ധം ചെയ്യുന്നുണ്ട്. ജർമ്മൻ സൈന്യത്തിൻെറ ഏററവും ശക്തിയായ പ്രഹരം താങ്ങുന്നതു ബ്രിട്ടീഷ് സൈന്യമാണ്."

## യൂറോപ്പിന്ന് മേല്പുരയില്ല


"യുദ്ധത്തിൻെറ ഗതി ഹിററ്ലർക്ക് പരാജയമായിത്തുടങ്ങിയപ്പോൾ ആയാൾ തൻെറ യൂറോപ്പ് പൊളിച്ചാൽ പൊളിയാത്ത ഒരു കോട്ടയാണെന്ന് പറവാൻ തുടങ്ങി. പക്ഷെ ഈ കോട്ടക്ക് മേല്പുരയുണ്ടാക്കാൻ ആയാൾ മറന്നുപോയി. മാത്രമല്ല; കോട്ട ചിലേടങ്ങളിലെല്ലാം പൊളിഞ്ഞിട്ടുണ്ട്. എവിടെയെല്ലാമാണ് ഈ പൊളിച്ചലെന്ന് ഞങ്ങൾ ആയാൾക്ക് അടുത്തവസരത്തിൽ കാണിച്ചുകൊടുക്കാം."

—പ്രസിഡെണ്ട് റൂസ്‌വെൽട്ട് സെത്തെമ്പർ 17-ാം തിയ്യതി

## ഏഷ്യയിലും യൂറോപ്പിലും വമ്പിച്ച യുദ്ധം ആസന്നമായിരിക്കുന്നു—പ്രസിഡെണ്ട് റൂസ്‌വെൽട്ട്

അമേരിക്കൻ കോൺഗ്രസ്സ് (പാർലിമെണ്ട്) കഴിഞ്ഞ വെള്ളിയാഴ്ച ആരംഭിച്ച യോഗത്തിലേക്ക് പ്രസിഡെണ്ട് റൂസ്‌വെൽട്ട് ഒരു സന്ദേശം അയച്ചു. ഇന്നത്തെ യുദ്ധഗതിയെ പററിയാണ് സന്ദേശം. ഐക്യകക്ഷിസൈന്യങ്ങൾ ഇററലിയിലെ ഒരു നഗരിയായ നേപ്പിൾസിന്ന് തെക്കുവശം അതിഭയങ്കരമായ യുദ്ധത്തിൽ ഏർപ്പെട്ടിരിക്കയാണ്. എന്നാൽ ഇപ്പോൾ ഇററലിയിൽ മാത്രമെ ഐക്യകക്ഷിസൈന്യങ്ങൾ ഇറങ്ങീട്ടുള്ളുവെങ്കിലും, മററു പലേടങ്ങളില്, ഇറങ്ങുവാനുള്ള ഒരുക്കങ്ങളെല്ലാം തെയ്യാറാക്കിക്കഴിഞ്ഞിരിക്കുന്നു. ഇററലിയിൽ ഇറങ്ങേണ്ടതിന്നുള്ള പ്ലാൻ കസബ്ളാങ്കയിൽവെച്ചു തീർച്ചയാക്കിയതാണ്. ക്യൂബെക്കിൽവെച്ച് കൂടിയാലോചന നടത്തിയതിൽനിന്നു യൂറോപ്പിൽ മററു പലേടങ്ങളിലും ആക്രമണം ആരംഭിക്കുവാനുള്ള പ്ലാൻ ആവിർഭവിച്ചിരിക്കുന്നു. മാത്രമല്ല, അതേ സമയത്തുതന്നെ ജാപ്പാൻെറ നേരെയുള്ള ആക്രമണത്തിന്നും ഉറച്ചിട്ടുണ്ട്. സപ്തെമ്പർ 3-ാം തിയ്യതിയാണ് ഐക്യകക്ഷിസൈന്യങ്ങൾ ആദ്യമായി ഇററലിയുടെ മണ്ണിൽ കാലുവെച്ചതു്. ഈ ദിവസം മനുഷ്യസ്വാതന്ത്ര്യത്തിൻെറ ചരിത്രത്തിൽ ഒരു പ്രധാന ദിവസമായി ലോകം കരുതാതിരിക്കയില്ല.

സത്തെമ്പർ 17-ാംനു.



## പ്രതിവാരചിന്തകൾ

# സംക്ഷിപ്ത വാർത്താവിവരണം



മി. ചർച്ചിൽ.

റഷ്യൻ ആക്രമണം

റഷ്യക്കാർ ആരംഭിച്ചതായ ഇക്കൊല്ലത്തെ വേനൽക്കാല സമരം ഹിററ്ലറുടെ പുരോഗതിക്കു വലുതായ ഒരമർച്ചയെ കൊടുത്തു കഴിഞ്ഞു. റഷ്യൻ സൈന്യത്തിന്ന് ആക്രമിക്കാൻ ദുസ്സാദ്ധ്യമാണെന്നു അഭിമാനിച്ചു് ഉറപ്പിച്ചുവെച്ചിരുന്നതായ ജർമ്മൻ സൈന്യ അണി റഷ്യൻ സൈന്യം രണ്ടു മാസത്തെ വേനൽക്കാല സമരം കൊണ്ടു മുറിച്ചുകഴിഞ്ഞു. അതിൻെറ പിന്നിലുള്ള രണ്ടാമത്തെ ജർമ്മൻ സൈന്യനിരയും മുറിച്ചിരിക്കുന്നു. ഈ രണ്ടാമത്തെ നിരയാണ് ദേസ്നാ നദി, ഡോൺ നദിയുടെ താഴ്വര മുഴുവനും, യൂക്കറൈൻ പ്രദേശത്തിൻെറ ഒരു പ്രധാന ഭാഗവും റഷ്യക്കാർ ഇക്കഴിഞ്ഞ രണ്ടു മാസം കൊണ്ടു പിടിച്ചുകഴിഞ്ഞു. ഇക്കുറിയത്തെ വേനൽകാലം കഴിഞ്ഞു നവെമ്പർ മാസമാവുമ്പോഴേക്കും ജർമ്മൻ സൈന്യത്തെ നീപ്പർനദി കടത്തിവിടേണമെന്നു വെച്ചാണ് റഷ്യൻ സൈന്യം പൊരുതുന്നതു്. ഈ നീപ്പർ നദി റഷ്യയുടെയും ജർമ്മനിയുടെയും ഒരതൃത്തിയാണ്. ഡോൺ നദീതിരത്തു നിന്നു ജർമ്മൻ സൈന്യങ്ങൾ ഒഴിച്ചതിനാൽ റഷ്യയുടെ വ്യവസായസ്ഥലങ്ങൾ മിക്കതും തിരിച്ചുകിട്ടുവാൻ സാധിച്ചു. യുക്കറൈനിൽനിന്ന് മിക്കവാറും ജർമ്മൻകാർ ഒഴിച്ചതിനാൽ റഷ്യയുടെ ഗോതമ്പുവിളയുന്ന പ്രധാന സ്ഥലങ്ങളുമെല്ലാം മടങ്ങിക്കിട്ടി.

ബ്രിട്ടീഷ് അമേരിക്കൻ മൈത്രി

മി. ചർച്ചിൽ എന്തു പറഞ്ഞാലും അതിന്നു ഒരു പ്രത്യേകതയുണ്ടാകാതിരിക്കയില്ല; മററുള്ളവർ കണ്ടെത്താത്തതായ ഒരു പ്രത്യേക കാര്യവും അതിൽ ഉണ്ടാകാതിരിക്കയില്ല. എന്നാൽ ഈ പ്രത്യേകത ഏററവും അസാധാരണമായ നിലയിൽ കാണുന്നതു് അടുത്തവസരത്തിൽ അദ്ദേഹം ഹാർവാർഡ് സർവ്വകലാശാലയിൽ ചെയ്ത ഒരു പ്രസംഗത്തിലായിരുന്നു. അല്പദിവസം അമേരിക്കയിൽപോയി താമസിച്ച ഘട്ടത്തിൽ അദ്ദേഹം ഹാർവാർഡ് സർവ്വകലാശാലയെ സന്ദർശിച്ചുവെന്നു പറഞ്ഞിരുന്നുവല്ലോ. അവിടെ വെച്ച് ചെയ്ത പ്രസംഗത്തിൽ ബ്രിട്ടനും അമേരിക്കയും തമ്മിൽ ഭാവിലോകത്തെ ശാന്തമായി പരിപാലിക്കേണ്ടതന്നു യോജിച്ചുകൊണ്ടുള്ള ഒരു ഭരണം ഏർപ്പെടുത്തേണമെന്നു് അദ്ദേഹം പ്രത്യേകം ഊന്നിപ്പറഞ്ഞു. ഇതു ഏററവും കാലോചിതമായ ഒരു ഉപദേശമാണ്. കഴിഞ്ഞ യുദ്ധത്തിന്നുശേഷം ഉണ്ടായ സർവ്വരാഷ്ട്രസമിതി വേണ്ടപോലെ ലോകസമാധാനകാര്യങ്ങൾ നിർവ്വഹിക്കാതിരുന്നതു് അമേരിക്ക അതിൻെറ നടത്തിപ്പിൽ കാട്ടിയ ഉദാസീനതകൊണ്ടുമാത്രമായിരുന്നു. അന്നു് അമേരിക്കയുടെ സഹകരണവും ഉണ്ടായിരുന്നുവെങ്കിൽ ഇന്നത്തെ യുദ്ധം തന്നെ ഉണ്ടായിരുന്നില്ല. ഭാഗ്യവശാൽ ലോകത്തിൽ സാമ്പത്തികകാര്യങ്ങളിൽ ഒന്നാം കിട സ്ഥാനം വഹിപ്പാനുള്ള ഒരു ഭാഗ്യം അമേരിക്കക്കുണ്ടായി. അതനുസരിച്ചു് ലോകവിഷയങ്ങളിൽ തനിക്കുള്ള ചുമതലയും അമേരിക്ക അറിയേണ്ടതാണ്.

മുക്ക്ഡൺ

മുക്ക്ഡൺ സംഭവത്തെ നാം ഇപ്പോൾ ഒന്നു് അനുസ്മരിക്കണം. സെപ്തെമ്പർ 18-ാം തിയ്യതിയാണ് അതിന്നുള്ള സന്ദർഭം. ബന്ധുക്കളെയെന്നപോലെത്തന്നെ ശത്രുക്കളെയും നാം സദാ മനസ്സുകൊണ്ടു ധ്യാനിക്കണം. ബന്ധുക്കളെ സ്നേഹപൂർവ്വമായും, ശത്രുക്കളെ വിദ്വേഷത്തോടുകൂടിയുമെന്നേ വ്യത്യാസമുള്ളൂ. ജാപ്പാൻ ആരാണ്, ഏതു തരക്കാരനാണ്, എന്നുള്ള പൂർണ്ണവിവരം നിങ്ങൾക്കുണ്ടാകാൻ വല്ലവരും പറയുന്ന കഥ കേൾക്കാൻ നില്ക്കേണ്ടാ. ജാപ്പാൻെറ ഓരോ ദുർമ്മതിയോടു കൂടിയുള്ള പ്രവർത്തികളെ ഗ്രഹിച്ചാൽ മതി. റഷ്യയോടു 1904-5 കൊല്ലത്തിൽ യുദ്ധം ചെയ്തു വിജയഭേരി അടിച്ചു് മുന്നോട്ടുവന്ന ഒരു അഹങ്കാരശക്തിയാണ് ജാപ്പാൻ കോയ്മ. ഈ യുദ്ധത്തിലെ വിജയംകൊണ്ടു് റഷ്യക്കു മുമ്പ് ചൈനയിലെ ഒരു പ്രദേശമായിരുന്ന മഞ്ചൂറിയായിൽ



ജനറൽ ചിയാങ്ങ് കീ ഷേക്ക്

സാമ്പത്തികമായുണ്ടായിരുന്ന അവകാശങ്ങളെല്ലാം ജാപ്പാന്നു് കിട്ടി. അതു കിട്ടിയ മുതല്ക്കു തന്നെ മഞ്ചൂറിയായിൽ ചൈനയിലെ ഭരണാധികാരിയായുണ്ടായിരുന്ന ഗവർണ്ണരുമായി ജാപ്പാൻകാർ കലഹിക്കുവാൻ തുടങ്ങി. കാരണം, ഈ ഗവർണ്ണർ ചൈനയിലെ ദേശീയ ഭരണത്തിനോടാണു് തനിക്കാനുകൂല്യമെന്നു പ്രഖ്യാപിച്ചതാണു്. ഒരു ദിവസം തെക്കൻ മഞ്ചൂറിയായിലുള്ള ഒരു റെയിൽവെയിൽ ഒരു ബോംബപകടം ഉണ്ടായി. ഇതിനെ ഒരു കാരണമാക്കി ജാപ്പാൻകാർ 1931 സെപ്തംബർ 18-ാം തിയ്യതി മുക്ഡൺ എന്ന നഗരിയിൽ ജാപ്പാൻ സൈന്യത്തെ പ്രവേശിപ്പിച്ചു. ഇവിടുന്നങ്ങോട്ടു അധികം താമസിയാതെ മഞ്ചൂറിയ മുഴുവൻ ജാപ്പാൻകാർ കൈവശപ്പെടുത്തി. ഇതിനാണിപ്പോൾ മഞ്ചുക്കൊ എന്നു പേർ പറയുന്നതു്. എന്തെങ്കിലും ഒരു കാരണം ഈ ജാപ്പാൻ ചെന്നായക്കു് കിട്ടുവാനിടവന്നാൽ ഏതാട്ടിൻകുട്ടിയെയും അതു പിടിപ്പാൻ തെയ്യാറാണു്. സത്യം, ധർമ്മം, നീതി, ന്യായം ഇതൊന്നും ഇക്കൂട്ടക്കില്ല. മനുഷ്യസമുദായത്തെ മുഴുവൻ വഞ്ചിപ്പാനും ഏതു നിഷ്കണ്ടകപ്രവർത്തിചെയ്വാനും ജാപ്പാൻകാർ തെയ്യാറാണു്.

**മി. ചർച്ചിൽ**

സെപ്തംബർ 21-ാം തിയ്യതി പാർലിമെണ്ടു് സഭയിൽ വെച്ചു് മി. ചർച്ചിൽ യുദ്ധഗതിയെപ്പററി അതിഗംഭീരമായ ഒരു പ്രസംഗം ചെയ്തു. മി. റൂസ്‌വെൽട്ടു്, മി. ചർച്ചിൽ, മി. സ്റ്റാളിൻ ഈ ത്രിമൂർത്തികൾ ഒന്നിച്ചുള്ള കൂടിക്കാഴ്ച, 1943 അവസാനിക്കുന്നതിന്നു മുമ്പു ഉണ്ടാകുമെന്നും അതിന്നു മുമ്പുതന്നെ, അടുത്തൊരവസരത്തിൽ മൂന്നു കോയ്മകളുടെയും പ്രതിനിധികൾ തമ്മിൽ മോസ്കോവിൽവെച്ചു് ഒരു കൂടിക്കാഴ്ച നടക്കുമെന്നും അദ്ദേഹം പ്രസ്താവിച്ചു. ജാപ്പാന്റെ നേരെയുള്ള യുദ്ധം ആരംഭിക്കുന്നതിന്നുള്ള ഒരുക്കങ്ങളിൽ പ്രധാനമായിട്ടുള്ളതു് ഒരു സൈന്യനായകനെ നിശ്ചയിക്കുകയാണെല്ലോ. ഇതിന്നു മൌണ്ട്ബാററൻ പ്രഭുവിനെ നിശ്ചയിച്ചുകഴിഞ്ഞിരിക്കുന്നു. അദ്ദേഹത്തിന്റെ ആപ്പീസ്സ് ഡെൽഹിയിൽ ആയിരിക്കുന്നതാണു്. ജാപ്പാന്റെ നേരെയുള്ളാക്രമണത്തിന്നു് ഉൽപ്പത്തിസ്ഥാനം ഇന്ത്യയായതിനാൽ ഇന്ത്യയിലെ സൈന്യനേതാവുമായി സഹകരിക്കുവാനാണു് ഈ ഏർപ്പാടു ചെയ്തിരിക്കുന്നതു്.

**ഐക്യകക്ഷികളുടെ മെച്ചം**

യുദ്ധഗതിയെപ്പററി സവിസ്തരം പ്രസ്താവിച്ചതിന്നുശേഷം മി. ചർച്ചിൽ ഐക്യകക്ഷികൾക്കു ഇപ്പോൾ സൈന്യസംബന്ധമായി പലേ വിധത്തിലും വന്നുചേർന്നിട്ടുള്ള മെച്ചത്തെപററി പ്രതിപാദിച്ചു. ആകാശത്തിൽ ഐക്യകക്ഷികളുടെ വിമാന സൈന്യത്തിന്നു ജർമ്മൻ വിമാന സൈന്യം കപ്പം കൊടുക്കുന്നു. മാത്രമല്ല, ജർമ്മനി യുദ്ധാവശ്യാർത്ഥം നിർമ്മിച്ചിട്ടുള്ള വ്യവസായ കേന്ദ്രങ്ങളെല്ലാം ഓരോന്നോരോന്നായി ഐക്യകക്ഷി വിമാന സൈന്യങ്ങൾ നശിപ്പിച്ചുകഴിഞ്ഞു. ഇതിന്റെ അനുഭവം പ്രത്യക്ഷത്തിൽ കാണുവാനും തുടങ്ങിയിരിക്കുന്നു. കഴിഞ്ഞ നാലു മാസങ്ങളായി വടക്കൻ അത്‌ലാന്തിക്കു സമുദ്രത്തിൽ വെച്ചു ഐക്യകക്ഷികളുടെ യാതൊരു സാമാന കപ്പലുകളും ജർമ്മൻ യൂബോട്ടുകൾ (മുങ്ങിക്കപ്പലുകൾ) മുക്കിട്ടില്ല. എങ്ങിനെയാണു് മുക്കുക ? യൂബോട്ടുകളെ നശിപ്പിക്കാനുള്ള ഏർപ്പാടുകൾ സമുദ്രത്തിൽ ചെയ്തുവരുന്നതിന്നുപുറമെ, യൂബോട്ടുകൾ ഉണ്ടാക്കുന്ന വ്യവസായശാലകളെല്ലാം ഐക്യകക്ഷി വിമാനങ്ങൾ ചെന്നു തവിടുപൊടിയാക്കിയിരിക്കുന്നു.

**ജൂലായി 25**

ഈ ദിവസം ലോകത്തിന്നു ഒരു സുദിനമായിരുന്നുവെന്നാണു് മി. ചർച്ചിൽ പറഞ്ഞതു്. അന്നായിരുന്നു മുസ്സോളിനി രംഗത്തിൽനിന്നു വിട്ടു അണിയറയിലേക്കു പോയി വേഷം അഴിച്ചതു്. ഇരിപത്തൊന്നു കൊല്ലം ഇററലിയെ എന്തൊന്നില്ലാതെ വിഷമിപ്പിച്ചു് ലോകസമാധാനത്തിന്നുള്ള സകല പരിശ്രമങ്ങളും തകരാറാക്കിയ ഒരു മഹാവിഷജ്വാലയായിരുന്നു ഇതു്. ഈയാളുടെ അധഃപതനത്തോടുകൂടി തന്റെ കക്ഷിയുടെ അധഃപതനവുമായി. അതിന്നു ശേഷംവന്ന ബഡോഗ്ലിയൊ ഭരണം ജനതയുടെ അഭിപ്രായമനുസരിച്ചു് സമാധാനത്തിന്നുള്ള പരിശ്രമങ്ങൾ തുടങ്ങി. പോർച്ചുഗൽ രാജ്യത്തിന്റെ തലസ്ഥാനമായ ലിസ്ബണിൽ വെച്ചു് ഇററലിയുടെ പ്രതിനിധിയു

(ശേഷം 11 പേജിൽ)

# യുദ്ധത്തിൻെറ പ്രാരബ്ധം

## ഇന്ത്യ ഒട്ടധികം താങ്ങിവരുന്നു

### അധിക ഭാരം ചുമത്തുന്നതു സൂക്ഷിച്ചുവേണം

[ലണ്ടൻ പട്ടണത്തിൽവെച്ചു് ഇന്ത്യയിൽ ഇനി വൈസറോയിസ്ഥാനം വഹിപ്പാൻ പോകുന്ന വേവൽ പ്രഭുവിന്നു് 1943 സപ്തെമ്പർ 16-ാം തിയ്യതി ഒരു ഉദ്യാനവിരുന്നു് കൊടുത്തവസരത്തിൽ അദ്ദേഹം ചെയ്ത ഒരു പ്രസംഗത്തിൻെറ ചുരുക്കമാണു് താഴെ കൊടുക്കുന്നതു്.]



വേവൽ പ്രഭു

കൊല്ലം 1941ൻെറ അവസാന ഘട്ടത്തിൽ ജപ്പാൻ യുദ്ധത്തിൽ ഇറങ്ങിയതോടുകൂടി, ഇന്ത്യയുടെ സൎവ്വസൈന്യപരിശ്രമങ്ങളും കിഴക്കോട്ടു തിരിക്കേണ്ടിവരികയും, തന്മൂലം ഇന്ത്യ പല ഉരെ കഷ്ടപ്പാടിൽ അകപ്പെടുകയും ചെയ്തു. കഷ്ടപ്പാടു വേറെയൊന്നുമല്ല, ഇന്ത്യയുടെ അകത്തുഴിക്കാൎയ്യം സാമ്പത്തികമായി വളരെ പരുങ്ങലിലായി. ഇതെവരെ ഇന്ത്യൻ സൈന്യത്തിന്നു് നേരിടാനിടവന്നിട്ടുള്ള ശത്രുവല്ല ഇപ്പോൾ; ജപ്പാൻകാരൻെറ സമ്പ്രദായങ്ങളും, യുദ്ധന്യായങ്ങളും രീതിയുമെല്ലാം വേറെ. അതുമാത്രമൊ ഇന്ത്യൻ സൈന്യത്തിന്നു് അവരോടു നേരിടുവാനുള്ള ശക്തിയും അഭ്യാസവും വന്നിട്ടില്ലതാനും. ഇങ്ങിനെയെല്ലാമാണെങ്കിലും ചുരുങ്ങിയ സമയംകൊണ്ടു് ഇന്ത്യൻസൈന്യത്തിന്നു് വേണ്ട അഭ്യാസങ്ങളെല്ലാം കൊടുത്തു് ബൎമ്മയേയും സിങ്കപ്പൂരിനേയും രക്ഷിക്കുവാൻ കഴിയുന്നതും ശ്രമിച്ചു. ഈ പരിശ്രമങ്ങളിലെല്ലാം ഇന്ത്യക്കാർ പ്രദർശിപ്പിച്ച ത്യാഗബുദ്ധി അപാരമായിരുന്നു. എന്നാൽ ഇതിലെല്ലാം, അധികരിച്ചുള്ള ത്യാഗമാണു് ജപ്പാൻെറ ആക്രമണം ഉണ്ടെന്നു കരുതി അതിനെ തടുപ്പാൻ വേണ്ട ഒരുക്കങ്ങൾ ചെയ്യേണ്ടതിന്നു് ഇന്ത്യ കാട്ടിയതു്. ഇന്ത്യയിലെ ഗതാഗതസൌകൎയ്യങ്ങളെയെല്ലാം തകരുമാറാക്കി, ഇന്ത്യയുടെ നിവൃത്തിമാൎഗ്ഗങ്ങളെയെല്ലാം യുദ്ധപരിശ്രമങ്ങളിലേക്കു് വിനിയോഗിച്ചു, ജപ്പാൻെറ ആക്രമണത്തെ തടുപ്പാൻ ഇന്ത്യ കോപ്പുകൂട്ടിയതോൎത്താൽ, ഇന്ത്യൻ ജനതയുടെ ത്യാഗം അവൎണ്ണനീയമാണെന്നു് നിസ്സംശയം പറയാവുന്നതാണു്. ഇന്നും ഇന്ത്യക്കു ഈ കഷ്ടപ്പാടിൽനിന്നു് നീരുവാൻസാധിച്ചിട്ടില്ല. അതിനാൽ ഇനിയും അധികമായ ഭാരം ഇന്ത്യയുടെമേൽ ചുമത്തുന്നതു് നല്ലവണ്ണം സൂക്ഷിച്ചിട്ടുവേണം. ഇന്ത്യയിലുള്ള യുദ്ധോദ്യമങ്ങളുടെ അടിസ്ഥാനം ഇളകുവാനും ഒരുപക്ഷെ ഒന്നായി പൊളിഞ്ഞു് വീഴുവാനുംകൂടി ഇടവന്നേക്കാം.

ഇന്ത്യയിൽ പോയി ഭരണകാൎയ്യം ഏല്ക്കുന്നതിന്നു് എനിക്കു പ്രധാനമായിട്ടുള്ള അവകാശം ആ രാജ്യത്തോടുള്ള അപാരമായ സ്നേഹമാണു്. ഒരു യോദ്ധാവിൻെറ നിലക്കു എനിക്കുണ്ടായിട്ടുള്ള വിജയങ്ങൾമിക്കതും ഇന്ത്യൻസൈന്യങ്ങളെക്കൊണ്ടാകുന്നു. ഇന്ത്യയുടെ അതൃത്തിപ്രദേശത്തും, അതിന്നുശേഷം അല്ലൻബി പ്രഭുവിൻെറ കീഴിൽ ഈജിപ്റ്റിലും, ഒടുവിൽ ഈ യുദ്ധം തുടങ്ങിയതിന്നുശേഷം മിഡിൽ ഈസ്റ്റ് പ്രദേശത്തും, ഇന്ത്യൻ സൈന്യങ്ങളുടെ സഹായത്തോടുകൂടിയാണു് എനിക്കു പലേ വിജയങ്ങളും ഉണ്ടായിട്ടുള്ളതു്. ഇന്ത്യക്കാരോടു ഈവിധം ഞാൻ കടപ്പെട്ടിട്ടുള്ള സ്ഥിതിയും, ആ കടം വീട്ടേണമെന്നുള്ള എൻെറ മനസ്ഥിതിയും ഇന്ത്യയിൽ എനിക്കു ഏററവും അനുകൂലമായ യോഗ്യതകളാണെന്നാണു് എൻെറ വിചാരം. പുറമെ, കിഴക്കൻ രാജ്യങ്ങളിൽ, സിരിയാ, ഈജിപ്റ്റു് പാലസ്റ്റൈൻ എന്നീ സ്ഥലങ്ങളിൽ ഉള്ള ഭരണസമ്പ്രദായത്തിലും എനിക്കു ഏറക്കുറെ അനുഭവമുണ്ടു്. മൂന്നാമതു, കിഴക്കൻ രാജ്യങ്ങളിൽ രണ്ടു യോഗ്യന്മാരുടെ കീഴിൽ പ്രവൎത്തി എടുത്തിട്ടുള്ള അനുഭവവും എനിക്കു ധാരാളമായിട്ടുണ്ടു്. ഇതിൽ ഒന്നു് ഈജിപ്റ്റിൽ അല്ലൻബിപ്രഭുവിൻെറ കൂടേയും മറേറതു ഇന്ത്യയിൽ ലിൻലിത്ത്ഗോ പ്രഭുവിൻെറ കൂടേയുമാണു്. ഏററവും വിഷമഘട്ടത്തിൽ ഏഴരക്കൊല്ലകാലത്തോളം ഇന്ത്യയിൽ വൈസറോയിസ്ഥാനം വഹിച്ചു ഭരണം നടത്തിയ ലിൻലിത്ത്ഗോ പ്രഭുവിൻെറ യഥാൎത്ഥ യോഗ്യതകൾ ഇനിയും ലോകം വേണ്ടപോലെ അറിഞ്ഞിട്ടില്ല. എന്തൊരത്യാപത്തിലും അദ്ദേഹത്തെ ഒരു യഥാൎത്ഥ താങ്ങായി കരുതാവുന്നതാണു്. ഇത്ര വളരെ ഭാരം ഇത്ര കാലം ധൈൎയ്യത്തോടുകൂടി താങ്ങുവാൻ വളരെ ആളുകൾക്കു് സാധ്യമാകയില്ല. ഇന്ത്യയുമായി ഈ വിധത്തിലുള്ള പരിചയത്തോടുകൂടി ഇന്ത്യൻഭരണം കയ്യേല്ക്കാൻപോകുന്ന എനിക്കു ആദ്യമായിചെയ്യേണ്ടതു് ജപ്പാൻെറനേരെ അതിഭയങ്കരമായ യുദ്ധം ചെയ്തു തോല്പിക്കുകയാണു്. രണ്ടാമതു്, ഇന്ത്യയുടെ സാമ്പത്തികമായും സാമുദായികമായും ഉള്ള കാൎയ്യങ്ങളെ നന്നാക്കിതീൎക്കുകയാണു്. മൂന്നാമതു്, ഇന്ത്യയിലുള്ള ദാരിദ്ര്യവും വിദ്യാവിഹീനതയും ഇല്ലാതാക്കുകയാണു്. ഇതു് യുദ്ധം കഴിഞ്ഞാൽ പിന്നെ ലോകസംസ്കാരത്തെ നിലനിൎത്തേണ്ടതിന്നു് ചെയ്യേണ്ടതായ യുദ്ധത്തിൻെറ ആരംഭം മാത്രമായിരിക്കും.

ജൎമ്മനിയെ പാശ്ചാത്യരംഗത്തിൽ തോല്പിച്ചു ഉലച്ചുകളയുന്നപോലെത്തന്നെ ജപ്പാനെ പൂൎവ്വരംഗത്തിലും പരിപൂൎണ്ണമായി പരാജയപ്പെടുത്താതിരിക്കുന്നപക്ഷം, പൂൎവ്വാൎദ്ധഗോളത്തിൽമാത്രമല്ല, ലോകത്തിൽ ഒട്ടാകെയും യാതൊരു സമാധാനവും ഉണ്ടാകുന്നതല്ല. എനിക്കു നേരിട്ടു അനുഭവമുള്ള സംഗതിയായതിനാൽ, ഇന്ത്യയിൽനിന്നു് ഈ യുദ്ധത്തെ സംബന്ധിച്ചു എന്തെല്ലാം സഹായങ്ങളുണ്ടായിട്ടുണ്ടെന്നു് പറവാൻ ഞാനാഗ്രഹിക്കുന്നു. മിഡിൽഈസ്റ്റ് എന്നുപറയുന്ന പ്രദേശം നമ്മുടെ കൈവശത്തിൽനിന്നു് വിടാതെ നിലനിന്നു് പോന്നതു്, സൈന്യങ്ങളെക്കൊണ്ടും സാമാനങ്ങൾകൊണ്ടും ഇന്ത്യയിൽനിന്നുണ്ടായിട്ടുള്ള സഹായംകൊണ്ടാണെന്നു് തീൎത്തു പറയാം. മിഡിൽ ഈസ്റ്റ് എന്നുപറയുന്ന പ്രദേശത്തു നമുക്കു വിജയം ഉണ്ടായതുകൊണ്ടാണു് മററുവിജയങ്ങൾ മേൽക്കുമേൽ വന്നണഞ്ഞതു്. ഇന്ത്യൻ സൈന്യങ്ങളെക്കൊണ്ടാണു് ഈജിപ്റ്റു്, പാലസ്റ്റൈൻ, സിരിയാ, ഇറാക്കു്, പേർസ്യ എന്നീ സ്ഥലങ്ങൾ ഇന്നു നമ്മുടെ കൈവശം നിലനില്ക്കുന്നതു്. ഈ സഹായത്തിന്നു് ഐക്യകക്ഷികൾ ഇന്ത്യയോടു എത്ര നന്ദി പറഞ്ഞാലും മതിയാകുന്നതല്ല. യുദ്ധത്തിൻെറ ആദ്യകാലങ്ങളിൽ ഇന്ത്യയുടെ പരിശ്രമങ്ങൾ മുഴുവൻ പശ്ചിമോന്മുഖമായിട്ടായിരുന്നു. ഇന്ത്യൻ സൈന്യങ്ങൾ, യുദ്ധസാമാനങ്ങൾ, റെയിൽ സാമാനങ്ങൾ, തോണികൾ എന്നുവേണ്ട, മററു പലേവിധത്തിലുള്ള സാമാനങ്ങളും നമ്മുടെ രക്ഷക്കുവേണ്ടി മിഡിൽ ഈസ്റ്റ് പ്രദേശത്തേക്കയക്കുകയും, തന്മൂലം അവക്കെല്ലാം ഇന്ത്യയിൽ വലുതായ ക്ഷാമം നേരിട്ടു ഇന്ത്യക്കാർ അത്യധികം കഷ്ടപ്പെടുകയും ചെയ്തു.

# സമുദ്ര യുദ്ധം

## മി. എ. വി. അലക്സാണ്ടർ: ബ്രിട്ടീഷ് കടൽസൈന്യ മന്ത്രി

ഇററലിയുടെ കടൽപട ഐക്യകക്ഷികൾക്കു കീഴടങ്ങിയതോടു കൂടി കടൽ യുദ്ധത്തിന്റെ ബലാബല സ്ഥിതി ഐക്യകക്ഷികൾക്കു ഗുണകരമായിത്തീർന്നിരിക്കുന്നു. ഇററലിയുടെ കടൽപട യുദ്ധത്തിൽ ഇല്ലാതായിയെന്നുമാത്രമല്ല, ബ്രിട്ടന്റെയും അമേരിക്കയുടേയും കടൽസൈന്യങ്ങൾ ഒത്തൊരുമിച്ചു ധീരധീരം പൊരുതുകയും ചെയ്യുന്നു. ഇററലിയിലുള്ള യുദ്ധത്തിന്റെ കശ്ന കാണുമ്പോൾ നാസികളോടു നമുക്കുള്ള യുദ്ധം അതിഗംഭീരവും അതിദീർഘവുമായിരിക്കുമെന്നു തോന്നുന്നുണ്ടു്.

യൂറോപ്പിലെ യുദ്ധം, റഷ്യക്കു സഹായം, ജാപ്പാന്റെ നേരെയുള്ളാക്രമണം, ചൈനക്കു സഹായം, ഇവയെല്ലാം എത്രകണ്ടു വേഗത്തിലും, ജാസ്തിയായും നാം നിറവേററുന്നുവോ, അത്രത്തോളം വേഗത്തിൽ യുദ്ധം കലാശിപ്പിക്കാവുന്നതാണു്. ഇവയെല്ലാം എത്രയും വലിയ കാര്യങ്ങളാണു്. പക്ഷെ അതികഷ്ട കാലമെല്ലാം കഴിഞ്ഞുകൂടി 1940 ജൂൻ മാസത്തിൽ ഫ്രഞ്ചുകാരുടെ കടൽസൈന്യം നമ്മുടെ കക്ഷിയിൽനിന്നു പിരിഞ്ഞു. അപ്പോൾ തന്നെ ഇററലിയുടെ കടൽസൈന്യം ശത്രുപക്ഷത്തിലേക്കു ചേരുകയും ചെയ്തു. അതേ കാലത്തായിരുന്നു ബ്രിട്ടനെ ശത്രുക്കൾ ആക്രമിക്കാൻ പോകുന്നുവെന്നു പ്രതീക്ഷിച്ചിരുന്നതു്. മദ്ധ്യധരണിക്കടലിൽ അക്കാലത്തു നമ്മുടെ കടൽസൈന്യം ശത്രുവിന്റേതിനെക്കാൾ എത്രയോ മോശമായിരുന്നുവെന്നു സമ്മതിക്കാതെ കഴികയില്ല. അന്നു നമ്മുടെ ദുർബ്ബലത പുറത്തു കാട്ടാതെ ആക്രമണ നയം അഭിനയിച്ചുകൊണ്ടു കഴിച്ചുകൂട്ടി.



അഡ്മിറൽ എ. ബി. കണ്ണിങ്ങ്ഹാം

പക്ഷെ അതുകൊണ്ടു നല്ല അനുഭവമുണ്ടായിയെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. അന്നുമുതൽ ഗ്രീസ്സും ക്രീട്ടും ജർമ്മൻകാർ പിടിക്കുന്നതുവരെ ബ്രിട്ടീഷു കടൽസൈന്യം മദ്ധ്യധരണിയുടെ കിഴക്കൻ പ്രദേശത്തെ കാവൽകഴിച്ചു. 1941 നവെമ്പർ, ഡിസെമ്പർ എന്നീ മാസങ്ങളിലാണു് നമ്മുടെ കാര്യങ്ങൾ ഏററവും അപകടത്തിലായതു്. ശാന്തസമുദ്രം കാത്തിരുന്ന അമേരിക്കൻ കടൽസൈന്യം രണ്ടു മാസത്തിനുള്ളിൽ കാലൊടിഞ്ഞു കിടപ്പിലായി; സിങ്കപ്പൂരും ബങ്കാള ഉൾക്കടലും കാത്തിരുന്ന ബ്രിട്ടീഷു കടൽസൈന്യം മുങ്ങിപ്പോയി; കിഴക്കൻ മദ്ധ്യധരണിക്കടൽ കാത്തിരുന്ന ബ്രിട്ടീഷു കടൽസൈന്യം മുടന്തനായി; വിമാനവാഹിനിയായ ആർക്ക്റോയൽ കപ്പലിനെ ശത്രുക്കൾ മുക്കുകയും ചെയ്തു. പക്ഷെ ഞങ്ങളുടെ കടൽസൈന്യത്തിന്നു തട്ടിയ ക്ഷീണം ശത്രുവിനെ അറിയുവാൻ സമ്മതിച്ചില്ല. വടക്കൻ ആഫ്രിക്ക രണ്ടാമതും പിടിച്ചെടുക്കുവാനുള്ള യുദ്ധത്തിന്നു വേണ്ടതായ സർവ്വസാമാനങ്ങളും ഞങ്ങൾ വളരെ പണിപ്പെട്ടു എത്തിച്ചുകൊടുത്തിരുന്നു. ഇതു് സാദ്ധ്യമായതു് മദ്ധ്യധരണിയിൽ ബ്രിട്ടീഷു കടൽസൈന്യ നായകനായ അഡ്മിറൽ കണ്ണിങ്ങ്ഹാമിന്റെ ധൈര്യംകൊണ്ടും, സാമർത്ഥ്യം കൊണ്ടും മാത്രമായിരുന്നു. അദ്ദേഹത്തിന്നു് ബ്രിട്ടീഷു കടൽസൈന്യത്തിന്റെ ചരിത്രത്തിൽ വളരെ പ്രധാനമായ ഒരു സ്ഥാനം കിട്ടിക്കഴിഞ്ഞു.

# ദേശീയ സമര മുന്നണി

## പൊതുജന ദുരിതനിവാരണ പ്രവർത്തനങ്ങൾ

മലയാള രാജ്യത്തിന്റെ തൽസമയത്തെ പരിതസ്ഥിതി ആലോചിക്കുന്നതായാൽ ഭക്ഷണ പ്രശ്നവും, കോളറയുടെ കർക്കശമായ പടർന്നുപിടിക്കലുമാണു മുന്നോട്ടു ചാടി നില്ക്കുന്നതു്. ഭക്ഷണ സാധനങ്ങളുടെ ദുർഭിക്ഷം ഹേതുവായിട്ടുള്ള അവസ്ഥകളെ നീക്കുവാനായി ഗവർമ്മെണ്ടു പല കാര്യങ്ങളും ചെയ്യുന്നുണ്ടു്. നമ്മുടെ ജില്ലയിൽ എല്ലാവർക്കും മിതജീവിതം കഴിക്കുവാനുള്ള അരി മാസംതോറും പലേ കേന്ദ്രങ്ങളിലും എത്തേണ്ടുന്ന ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്. അരിയുടെ വിതരണത്തിന്നു ഗവർമ്മെണ്ടിന്റെ മേൽനോട്ടത്തിൽ അനേകം ഡിപ്പോകളും കച്ചവടക്കാർ മുഖാന്തരം ഏർപ്പെടുത്തീട്ടുണ്ടു്. അമിത വില അകററുവാനായി വിലനിയന്ത്രണവും നടത്തിക്കഴിഞ്ഞു. മലയാളം ജില്ലയെപോലെ വിലകുറഞ്ഞു അരി വില്ക്കപ്പെടുന്ന വേറെ ജില്ലകൾ ഈ സംസ്ഥാനത്തിൽ ഇല്ലെന്നു തന്നെ പറയാം. ചില സ്വാർത്ഥികളായ കച്ചവടക്കാർ അമിതലാഭം എടുക്കുന്നതിനെ തടയുവാനായി ഗവർമ്മെണ്ടുദ്യോഗസ്ഥന്മാരും സമര മുന്നണി പ്രവർത്തകന്മാരും എപ്പോഴും ബദ്ധശ്രദ്ധരായി പ്രവർത്തിക്കുന്നുണ്ടു്. കോഴിക്കോട്ടു നഗരത്തിലും വേറെ പ്രധാന പട്ടണങ്ങളിലും, ഏഴപ്പെട്ടവർക്കും, ധനവാന്മാർക്കും ഒരുപോലെ തന്നെ അവരവരുടെ ഓഹരി പ്രകാരമുള്ള അരി തടസ്ഥം കൂടാതെ കിട്ടുവാനായി "റേഷനിങ്ങ്" എന്ന പദ്ധതി അടുത്തകാലത്തു നടത്തിപ്പിൽ വരുത്തുന്നതാണു്. അതേസമയത്തു അധികം ഭക്ഷണസാധനങ്ങൾ രാജ്യത്തു തന്നെ ഉളവാക്കേണ്ടതിലേക്കു എല്ലാ ഭൂമി കൈവശമുള്ളവർക്കും വേണ്ടപ്പെട്ട ഉപദേശവും, സഹായസഹകരണവും കൊടുത്തുവരുന്നുണ്ടു്. ഇങ്ങനെയുള്ള പ്രവർത്തനങ്ങളുടെ ഫലമായി മലയാള ജില്ലയിൽ അരി കിട്ടാതെ പട്ടിണിയുണ്ടാകുവാൻ ഇടവരുന്നതല്ല.

കൊള്ളിക്കിഴങ്ങു സമര മുന്നണി പ്രവർത്തകന്മാരുടെ ഉത്സാഹത്തിന്റെ ഫലമായി നാട്ടിൽ ധാരാളം കൃഷി ചെയ്യുകയും അതു ഇപ്പോൾ എല്ലാ അങ്ങാടിയിലും സുലഭമായി കിട്ടിവരുന്നുമുണ്ടു്. ഇതിന്നു മുമ്പു ഈ കിഴങ്ങു ധാരാളമായി പൊടിയാക്കി കയററുമതി ചെയ്യുന്നതു ജില്ലാ കലക്ടർ തീരെ നിർത്തുകയും അതു വഴിക്കു വില ഗണ്യമായി കുറയുകയും ചെയ്തിട്ടുണ്ടു്.

കോളറയുടെ കാര്യത്തിൽ ഗവർമ്മെണ്ടു കർശനമായ നടവടികൾ എടുക്കുന്നുണ്ടു്. ഇതിനിടെ മദിരാശിയിൽനിന്നു ഈ കാര്യത്തെപററി നേരിട്ടു അന്വേഷിച്ചു വേണ്ടുന്നതു ചെയ്യാനായി ഗവർണ്ണരുടെ ഉപദേശകന്മാരിൽ ഒരാളും, ആരോഗ്യ വകുപ്പിലെ ഡയരക്ടരും മററും ജില്ലയിൽ വന്നു രോഗനിവാരണത്തിന്നായി വേണ്ടപ്പെട്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്. അരിയുടെ ദുർഭിക്ഷം കൊണ്ടാണു ഈ രോഗം നാടെങ്ങും പരക്കുന്നതെന്നു സംശയിക്കയാൽ അനേകായിരം ടൺ അരി സാധാരണ കിട്ടുന്ന ഓഹരിയിലധികം മലബാറിലേക്കു ഗവർമ്മെണ്ടയച്ചിരിക്കുന്നു. കുത്തിവെപ്പു, ശുചീകരണ പ്രവൃത്തികൾ മുതലായതു കൂടുതലായി നിയമിച്ച ഉദ്യോഗസ്ഥന്മാർ നാടെങ്ങും മുറക്കു നടത്തിവരുന്നുണ്ടു്. ഇതിന്റെ ഫലമായി പട്ടണങ്ങളിലൊക്കെ ഈ സുഖക്കേടിന്നു വളരെ ശമനമുണ്ടായിട്ടുണ്ടു്. നാട്ടുപുറങ്ങളിലും രോഗത്തിന്നു ഗണ്യമായ നിലയിൽ ശക്തി കുറഞ്ഞു വരുന്നുണ്ടു്.

പട്ടാളത്തിൽ ചേർന്നവരുടെ കുഡുംബങ്ങളുടെ പലവിധമായ അവശതകളെ മനസ്സിലാക്കി അവക്കു പരിഹാരമുണ്ടാക്കുവാനായി പ്രത്യേക പ്രചാരകന്മാർ ജില്ല ഒട്ടുക്കും പ്രവർത്തിക്കുന്നുണ്ടു്. വല്ല ബുദ്ധിമുട്ടും ഉണ്ടെങ്കിൽ അവയെപററി ആലോചിക്കുവാൻ ജില്ലാ കമിററികളും താലൂക്കു കമിററികളും ഏർപ്പാടു ചെയ്തിട്ടുണ്ടു്.



ലൂയി മൌണ്ട്ബാറ്റൻ പ്രഭു

# ബർമ്മയെ ആക്രമിക്കാൻ തീർച്ചയാക്കിയിരിക്കുന്നു

## പ്രസിഡെണ്ട് റൂസ്‌വെൽട്ടിൻെറ പ്രസ്താവന

വളരെക്കാലമായി കിട്ടുന്ന തല്ലിനെ തടുത്തുകൊണ്ടുള്ള നയം ഉപേക്ഷിച്ച് ഐക്യകക്ഷികൾ ബർമ്മയെ ഇപ്പോൾ ആക്രമിക്കാൻ തീർച്ചയാക്കിയിരിക്കുന്നു. അമേരിക്ക, ആസ്ത്രേലിയാ, ന്യൂസിലാണ്ട്, ഡച്ച് എന്നീ രാജ്യക്കാരുടെ സൈന്യങ്ങൾചേർന്ന് ന്യൂഗിനിയായിലും സോളമൺ ദ്വീപുകളിലും വെച്ച് ജാപ്പാൻകാരെ തകർത്ത് പുതിയ ആക്രമണങ്ങൾ ആരംഭിക്കുവാനുള്ള രംഗങ്ങൾ സ്ഥാപിച്ചിരിക്കുന്നു. ബർമ്മയിൽ വളരെ കാലമായി നാം ആചരിച്ചുവരുന്ന തടവുനയം വിട്ടു മുന്നോട്ടു കയറി തല്ലുവാൻ തീർച്ചയാക്കിയിരിക്കുന്നു. മുമ്പു എത്തിക്കാൻ സാധിച്ചിരുന്നതിലും എത്രയോ ജാസ്തിയായി യുദ്ധോപകരണങ്ങൾ ചൈനക്കു എത്തിച്ചുകൊടുപ്പാനും തുടങ്ങിയിരിക്കുന്നു. ഇനി അധികം താമസിയാതെ ജാപ്പാൻെറ മർമ്മത്തിൽതന്നെ ഐക്യകക്ഷികൾ അടിച്ചുവെന്നു കേൾക്കാവുന്നതാണ്.

**യൂറോപ്പിലും ഏഷ്യയിലും നടക്കുന്ന യുദ്ധത്തിൻെറ കൂട്ടിക്കൊട്ടിനുള്ള സമയമായി. ജാപ്പാനെ തവിടുപൊടിയാക്കാതെ വിടുന്നതല്ല - - - - -**

ജാപ്പാൻ ഐക്യകക്ഷികൾക്കു കീഴടങ്ങിക്കഴിഞ്ഞാൽ പിന്നെ ശാന്തസമുദ്രത്തിൽ ജാപ്പാനെ കഴിഞ്ഞ യുദ്ധത്തിന്നുശേഷം ഏല്പിച്ചിട്ടുള്ള യാതൊരു ദ്വീപുകളും ഏല്പിക്കുന്നതല്ല. ജാപ്പാനെ ഒരിക്കലും വിശ്വസിക്കുവാൻ പാടുള്ളതല്ല. ഇതുപോലെതന്നെ ചൈനയിൽനിന്ന് ജാപ്പാൻ തട്ടിപ്പറിച്ചെടുത്തിട്ടുള്ള യാതൊരു സ്ഥലങ്ങളും ജാപ്പാൻെറ കൈവശം വെക്കാവുന്നതല്ല. ഐക്യകക്ഷികൾ യുദ്ധത്തിൽ ഇറങ്ങിയതിന്നുശേഷം ശത്രുക്കളെ ഭേദ്യംചെയ്തു നശിപ്പിക്കുന്നതിന്നു പുറമെ ഭയപ്പെടുത്തീട്ടും നശിപ്പിക്കുന്നുണ്ട്. ഇതിന്നുപുറമെ സപ്ലൈ യുദ്ധങ്ങളിലും ഐക്യകക്ഷികൾക്കു മെച്ചം കിട്ടിക്കഴിഞ്ഞു. ശത്രുവിന്നാവട്ടെ, നശിച്ചുപോയതന്നു പകരം ഉണ്ടാക്കാൻ കൂടി സാദ്ധ്യമല്ലാത്ത സ്ഥിതിയിലാണ്. കൊല്ലം 1940ൽ ആരംഭിച്ചിട്ടുള്ള ആയുധനിർമ്മാണപദ്ധതിയുടെ മൂർദ്ധിനി നാം എത്തിക്കഴിഞ്ഞു. ഇനി നമുക്ക് ഒരു മിനുട്ടെങ്കിലും കളയുവാൻ പാടില്ല. ദൂരമാണ് ഇന്നും വിഷമമായിട്ടുള്ളത്.

ബർമ്മയിലും ചൈനയിലും എത്തിച്ചേരുവാനല്ലെ പ്രയാസം? രണ്ടു കൊല്ലംമുമ്പ് ആകാശവിമാനങ്ങളുടെ നാനാഭാഗങ്ങളും കപ്പലുകളിൽ നിറച്ചു ഇന്ത്യയിൽ എത്തിക്കുകയും, അവിടെനിന്ന് അവയെ വിമാനങ്ങളാക്കി പണിചെയ്തു യുദ്ധരംഗങ്ങളിലേക്കയക്കുകയുമായിരുന്നു പതിവ്. ചൈനയിലേക്ക് മററു സാമാനങ്ങളും വിമാനങ്ങളിൽ കയററി ഇന്ത്യയിൽനിന്ന് കൊണ്ടുപോകയായിരുന്നു. പോകുന്നവഴിക്കു അതി ഗംഭീരമായ പർവ്വതങ്ങൾ ചാടികടക്കേണ്ടതിന്നുപുറമെ, അവിടെ എത്തിയാൽ വിമാനങ്ങൾക്കുള്ള സങ്കേതങ്ങളും ചൈനയിൽ പുതുതായി പണിചെയ്തു, അവക്കു വേണ്ട ജോലിക്കാരേയും അവിടെ എത്തിക്കേണ്ടിയിരുന്നു. ഇതേമാതിരി കഷ്ടപ്പാടുകൾ തെക്കുപടിഞ്ഞാറൻ ശാന്തസമുദ്രരംഗത്തിൽ എത്തിച്ചേരുവാനും ഉണ്ടായിരുന്നു. അത്ലാന്തിക്ക്, ശാന്തസമുദ്രം, മദ്ധ്യധരണിക്കടൽ, എന്നുവേണ്ട, ഏഴു സമുദ്രങ്ങളിലും നടത്തിയിരുന്ന യുദ്ധത്തിന്ന് വേണ്ട സൈന്യങ്ങളും കോപ്പുകളും ഇടവിടാതെ രംഗങ്ങളിൽ എത്തിചേർക്കുവാനുണ്ടായിരുന്ന പ്രയാസം ചില്ലറയല്ലായിരുന്നു. വിശേഷിച്ചും, ശത്രുപക്ഷക്കാരുടെ മുങ്ങിക്കപ്പലുകൾ നിറഞ്ഞിട്ടുള്ളമാർഗ്ഗങ്ങളിൽകൂടിയായിരുന്നു ഇവരുടെ പോക്ക്. ഈവക വിഷയങ്ങളിലെല്ലാം ആലോചിച്ചാൽ, കഴിഞ്ഞ നവെമ്പർ മാസത്തിൽ വടക്കൻ ആഫ്രിക്കയിൽ നടത്തിയ യുദ്ധത്തിന്ന് എത്തിച്ച സൈന്യത്തിൻെറയും കോപ്പുകളുടേയും ബാഹുല്യംകൊണ്ട് അതൊരു ചരിത്രപ്രസിദ്ധമായ സംഭവമായി കരുതാവുന്നതാണ്.

പ്രസിഡെണ്ട് റൂസ്‌വെൽട്ടിൻെറ പ്രസംഗത്തിൻെറ മർമ്മം ഇന്നത്തെ യുദ്ധം ലോകമൊട്ടാകെ ഒന്നായി കരുതേണ്ടതാണെന്നായിരുന്നു. ഇന്ന് മദ്ധ്യധരണിക്കടലിലാണ് യുദ്ധം നടക്കുന്നതെങ്കിലും അതിൻെറ ഗുണദോഷം ശാന്തസമുദ്രരംഗത്തെ ധാരാളം ബാധിക്കുന്നതാണെന്നും, യൂറോപ്പിൽ നടക്കുന്ന യുദ്ധത്തിൻെറ പ്രതിദ്ധ്വനി അനുഭവംകൊണ്ട് ഏഷ്യയിലും ഉണ്ടാകുമെന്നും ആയിരുന്നു പ്രസംഗസാരം. യൂറോപ്പിലും ഏഷ്യയിലും ഉള്ള യുദ്ധങ്ങൾ യോജിച്ച്, പാറോക്കാവും തിരുമ്പാടിയും കൂടിയോജിച്ചുകൊണ്ടുള്ള പൂരം പോലെ, ഒരു പെരും പൂരമാകുന്ന ഘട്ടമാണത്. മദ്ധ്യധരണിക്കടൽ ശത്രുപക്ഷക്കാരുടെ കൈവശത്തിൽനിന്ന് ശുദ്ധമാക്കിയതിനാൽ അവിടെ ബന്ധവസ്സിന്നുള്ള ഐക്യകക്ഷികളുടെ പടക്കപ്പലുകളെല്ലാം ഇപ്പോൾ ജാപ്പാൻെറ നേരെ തിരിക്കുവാൻ സാദ്ധ്യമായിരിക്കുന്നു. ജാപ്പാൻെറ നേരെയുള്ള യുദ്ധം വളരെ ദീർഘിച്ചതും പ്രയാസമുള്ളതുമായേക്കാം. ജാപ്പാൻെറ ശക്തിയെ തവിടുപൊടിയാക്കിയാലല്ലാതെ അതിന്ന് ക്ഷയം പററുന്നതല്ല. അങ്ങിനെ ചെയ്യാതിരിക്കുന്നതും വലിയ വിഡ്ഢിത്തമാവും. റഷ്യൻരംഗത്തിൽ നടക്കുന്ന യുദ്ധമാകട്ടെ, റഷ്യയുടെ ജന്മഭൂമിയിൽനിന്ന് ജർമ്മൻകാരെ ഉന്മൂലം നാശം ചെയ്തുകൊണ്ടുവരുമെന്ന് മാത്രമല്ല, റഷ്യ യുദ്ധം ജർമ്മനിയിലെക്കെടുക്കുന്നതുമാണ്.

# മുസ്സോളിനിയുടെ പ്രസംഗം

[ഇററാലിയൻ ആകാശവാണിയിൽ മുസ്സോളിനി സപ്തെമ്പർ 18-ാം തിയ്യതി ഒരു പ്രസംഗം ചെയ്തു. യജമാനന്റെ (ഹിററ്ലരുടേതു്) കഴിഞ്ഞാഴ്ച 10-ാം തിയ്യതിയുണ്ടായതു് കഴിഞ്ഞ ലക്കം യുദ്ധസഞ്ചികയിൽ കൊടുത്തിരുന്നുവല്ലൊ. യജമാനൻ പറഞ്ഞതു ശരിയാണെന്നു് പറയാതിരുന്നാൽ ഭൃത്യന്റെ സ്ഥാനത്തിന്നെന്തു വിലയാണു്? പ്രസംഗമദ്ധ്യേ മുസ്സോളിനി പറഞ്ഞതു് കേൾക്കണ്ടേ?]

ഒന്നാമതു് ഇററലിയിലെ രാജവംശമായ സാവോയ് കുടുംബം ഇനി മേലിൽ രാജ്യഭരണത്തിന്നു് വരരുതു്. കാരണം, ഇററലിയിലെ രാജാവാണു് മുസ്സോളിനിയേയും ഇററലിയേയും തകരാറാക്കിയതത്രെ. "ജൂലായി 25-ാം തിയ്യതി രാജാവിനെ ഞാൻ കണ്ടപ്പോൾ, അദ്ദേഹത്തോടു എന്തു പറഞ്ഞിട്ടും യാതൊരനുഭവവുമുണ്ടായില്ല. എന്നെ പ്രധാന മന്ത്രിസ്ഥാനത്തുനിന്നു പിരിക്കുവാൻ അദ്ദേഹം തീർച്ചയാക്കിയിരുന്നു. രാജാവിനെ കണ്ടു് കൊട്ടാരത്തിൽനിന്നു് പുറത്തു വന്ന ഉടനെ എന്നെ അറസ്റ്റ് ചെയ്തു. ഇരുപതു കൊല്ലം അദ്ദേഹത്തെ ഏററവും ഭക്തിയോടുകൂടെ സേവിച്ച എന്നെയാണു് അറസ്റ്റു് ചെയ്തതു്. ഒരു റെഡ്ക്രോസ് സംഘംവക ലോറിയിൽ കയററി എന്നെക്കൊണ്ടുപോയി. എന്നെ കൊല്ലുവാൻ ശ്രമിക്കുന്ന ഒരു സംഘത്തിൽനിന്നു് രക്ഷിക്കുവാനാണു് ഇങ്ങിനെ കൊണ്ടുപോയതെന്നായിരുന്നു അഭിനയം. റോമിൽനിന്നു് പോൺസാ എന്നൊരു ദ്വീപിലേക്കാണു് എന്നെ കൊണ്ടുപോകുന്നതെന്നു് തീർച്ചയായപ്പോൾ എനിക്കു നേരിട്ടിട്ടുള്ള ആപത്തു് പ്രത്യക്ഷമായി. ഈ പോൺസാ ദ്വീപു് ഐക്യകക്ഷി സൈന്യങ്ങൾ പിടിച്ചുവെന്നായിരുന്നു വർത്തമാനം. പോൺസയിൽനിന്നു് എന്നെ മറെറാരു ദ്വീപിലേക്കും, അവിടെനിന്നു് മൂന്നാമതൊരു ദ്വീപിലേക്കും കൊണ്ടുപോയപ്പോൾ ശത്രുപക്ഷക്കാർക്കു് എന്നെ ഏല്പിച്ചുകൊടുപ്പാനാണു് ഭാവമെന്നു തീർച്ചയായി. പക്ഷെ ഹിററ്ലർ എന്നെപ്പററി ഓർമ്മിക്കാതിരിക്കയില്ലെന്നുള്ള ബോദ്ധ്യവും എനിക്കുണ്ടായിരുന്നു. അങ്ങിനെയിരിക്കുമ്പോൾ ഹിററ്ലരുടെ വക്കൽനിന്നു് ഒരു കമ്പി കിട്ടി. അതിന്നുശേഷം ശത്രുപക്ഷക്കാരുടെ കയ്യിൽ ഞാൻ പെടുകയില്ലെന്നു് എനിക്കു തീർച്ചയായി. കുറച്ചു കഴിഞ്ഞപ്പോൾ ഹിററ്ലരുടെ വക്കൽനിന്നു ഒരു ജർമ്മൻ തത്വജ്ഞാനിയായ നിഷ്ഷേയുടെ ഗ്രന്ഥവും കിട്ടി. ഒരു ദിവസം ഉച്ചക്കു രണ്ടു മണിക്കു് എന്റെ വസതിയുടെ അടുക്കലായി കുറേ ജർമ്മൻകാർ പാരാച്യൂട്ടിൽ വന്നിറങ്ങി. അവരോടു എതൃക്കുന്നതു് വിഡ്ഢിത്വമാണെന്നു് കാവൽ നിന്നിരുന്നവർ തീർച്ചയാക്കി. അവരെ വെടിവെച്ചില്ല. അഞ്ചു നിമിഷംകൊണ്ടു് സർവ്വ കാര്യവും കഴിഞ്ഞു. ഞാൻ രക്ഷപ്പെട്ടു.

ഈ വിധം താൻ ആപത്തിൽ പെടുവാൻ കാരണമായതു് ഇററലിയിലെ രാജാവാണെന്നാണു് മുസ്സോളിനിയുടെ ബോദ്ധ്യം. മുസ്സോളിനിയെ ആപത്തിൽ പെടുത്തിയെന്നു മാത്രമല്ല, ആയാളുടെ ഫാസിസ്റ്റു് കക്ഷിയെ ഇല്ലാതാക്കുകയും ചെയ്തു. അതിനാൽ ഇററലിയിലെ ഭാവിഭരണം രാജാവില്ലാതെ വേണമെന്നും, അതു് വെറും ഒരു പ്രജായത്തഭരണമാകേണമെന്നുമാണു് മുസ്സോളിനി പറയുന്നതു്. ഈ ഉദ്ദേശത്തോടുകൂടി മുസ്സോളിനി തന്റെ പഴയ കക്ഷിയെ പുനരുദ്ധാരണം ചെയ്യുന്നു. എന്നാൽ ഈ കക്ഷിക്കു് "റിപ്പബ്ലിക്കൻ" അല്ലെങ്കിൽ പ്രജായത്തഭരണകക്ഷിയെന്നുംകൂടി ഒരു പേരു് ചേർത്തിട്ടുണ്ടു്.

മുസ്സോളിനിക്കു് ഏററവും സങ്കടമായിട്ടുള്ളതു് ഇററലിയുടെ മാനം പോയിയെല്ലൊ, ഐക്യകക്ഷികൾക്കു് ബഡോഗ്ലിയോ കീഴടങ്ങിയതുകൊണ്ടു്, എന്നാണു്. മുസ്സോളിനി എന്തിനാണു് ഇത്രയൊക്കെ വ്യസനിക്കുന്നതു്? ബഡോഗ്ലിയോവിന്നു് കളയുവാൻ ഒരു മാനവും മുസ്സോളിനി ബാക്കിവെക്കാതെ ആദ്യംതന്നെ എല്ലാം നശിപ്പിച്ചിരുന്നുവല്ലൊ. ലോകത്തിലെ രാജസദസ്സിൽ ഒരു മാന്യസ്ഥാനം ഇററലിക്കുണ്ടായിരുന്നതു് മുഴുവൻ കളഞ്ഞു്, ഇററലിക്കാർ എന്നുവെച്ചാൽ ഒരു തരം കൊള്ളക്കാർ എന്നുള്ള പേരു് സമ്പാദിച്ചു്, ഹിററ്ലരുടെ വാലിന്മേൽ കെട്ടിത്തൂക്കിയ ഒരു സാധനംപോലെ വർത്തിക്കാൻ തുടങ്ങീട്ടു് എത്ര കാലമായിരിക്കുന്നു? ഇററലി യുദ്ധത്തിൽ ചേർന്നതുതന്നെ ഹിററ്ലരുടെ ആവശ്യപ്രകാരമല്ലാതെ, ഇററലിക്കു ബ്രിട്ടന്റെയോ അമേരിക്കയുടെയോ നേരെ യുദ്ധത്തിന്നു പോകേണ്ട കാര്യമെന്തായിരുന്നു? ഇററലിയും ബ്രിട്ടനുമായിട്ടുള്ള മൈത്രി എത്ര കാലം മുമ്പുള്ളതാണെന്നറിയാമോ? ഇററലി മുടിയാൻ കാലത്തു് കൊലച്ചമൂച്ചിപ്പൻ മുസ്സോളിനിയുടെകീഴിൽ വരുന്നതുവരെക്കും ബ്രിട്ടനോടു മൈത്രിഭാവമല്ലാതെയുണ്ടായിട്ടില്ല. ഇങ്ങിനെയുള്ള മാന്യസ്ഥാനം കളഞ്ഞു് ഇററലിയുടെ സ്വാതന്ത്ര്യത്തിന്നു് പണ്ടുപണ്ടേ ശത്രുവായിട്ടുള്ള ജർമ്മനിയോടുകൂടി ചേരുവാനുള്ളാവശ്യമെന്തായിരുന്നു മുസ്സോളിനിക്കു്? ഇററലിയുടെ നിലയും വിലയുമെല്ലാം തെററിച്ചു് ജർമ്മനിയുടെ ഒരു വെറും സംസ്ഥാനമെന്ന നിലയാക്കിതീർത്ത മുസ്സോളിനിക്കു ഇററലിയുടെ മാനത്തെപ്പററി പറയുവാനെന്തവകാശമാണു്? മുസ്സോളിനി രണ്ടാമതും ഇററാലിയൻ രംഗത്തിൽ ആവിർഭവിച്ചതു് ഇററലി നന്നാകാനല്ല; ഹിററ്ലരുടെ ആവശ്യമാണു്. ഹിററ്ലരുടെ ഇററലിയിലുള്ള സകല പ്രവർത്തിയേയും ന്യായീകരിപ്പാൻ മുസ്സോളിനി അവിടെയില്ലെങ്കിൽ സാദ്ധ്യമല്ല. ഹിററ്ലറെയാകട്ടെ, ജർമ്മൻ സൈന്യത്തെയാകട്ടെ ഇററലിയിൽ മുസ്സോളിനിക്കല്ലാതെ മററാക്കും വേണ്ടാ. അതിനാണു് ചത്തുകിടക്കുന്നാളുടെ വിരലു് മുറിച്ചു് പണ്ടാരോ റജിസ്റ്റർ കഴിച്ചുവെന്നു് പറയുംപോലെ, വേഷം അഴിച്ചു് അണിയറയിലേക്കു പോയ മുസ്സോളിനി മാമയെ രണ്ടാമതും ഒരാകാശവാണി യന്ത്രത്തിന്റെ മുമ്പിൽ കൊണ്ടുചെന്നു് ഹിററ്ലർ പ്രതിഷ്ഠിച്ചതു്. കഷ്ടം! അധികാരത്തിന്നും ലോകധ്വംസനത്തിന്നും ഉള്ളാർത്തിക്കു് ഒരവസാനമില്ലെന്നോ! കോടാനകോടി ഹൃദയങ്ങളിൽ കത്തിജ്വലിക്കുന്ന ദുഃഖാഗ്നിയുടെ ജ്വാല ഈ രാക്ഷസസംഘത്തെ ഭസ്മീകരിക്കയില്ലെന്നോ? പത്താം തിയ്യതി ഹിററ്ലർ ചെയ്ത പ്രസംഗവും പതിനെട്ടാം തിയ്യതി മുസ്സോളിനി ചെയ്ത പ്രസംഗവും വായിച്ചാൽ ഇവരുടെ രാക്ഷസബുദ്ധിക്കു് ഒരു ശാന്തതയും വന്നതായി തോന്നുന്നില്ലല്ലോ? അവർ കാട്ടുന്ന അക്രമങ്ങളെല്ലാം അവർ ന്യായീകരിക്കുന്നു; മേലിൽ കാട്ടുവാനുള്ള വഴിയും ഉണ്ടാക്കിവെക്കുന്നു.

മുസ്സോളിനിയുടെ പ്രസംഗത്തിൽനിന്നു് പെട്ടെന്നു് നമ്മുടെ മനസ്സിനെ തിരിച്ചു് സപ്തെമ്പർ 20-ാം തിയ്യതി ബഡോഗ്ലിയോ ഐക്യകക്ഷികളുടെ സംഘത്തിൽനിന്നു് ഇററലിക്കാരോടു ചെയ്ത ഒരു ഉൽബോധനയാണു് നോക്കേണ്ടതു്. ജർമ്മൻകാരെ ഇററലിയുടെ പടി കടക്കുന്നതുവരെ അടിക്കുവിൻ, എന്നായിരുന്നു അദ്ദേഹത്തിന്റെ ഉപദേശം. ജർമ്മൻകാർ ഇററലിയിൽവന്നു് യുദ്ധം ചെയ്യുന്നതു് ഇററലിയുടെ സ്വാതന്ത്ര്യത്തിന്നു് വേണ്ടിയല്ല, യുദ്ധം ജർമ്മിനിയിലേക്കു കടക്കരുതെന്നു് വെച്ചാണു്. ജർമ്മൻകാർ ഇററാലിയൻ സൈന്യത്തെ സർവ്വ യുദ്ധരംഗങ്ങളിലും വെച്ചു് വഞ്ചിക്കുക മാത്രമേ ഉണ്ടായിട്ടുള്ളു. ആഫ്രിക്കയിലും റഷ്യൻ രംഗത്തിലുമെല്ലാം ഇവരുടെ വഞ്ചനകൊണ്ടാണു് ഇററാലിയൻ സൈന്യങ്ങൾ പരാജയപ്പെടേണ്ടിവന്നതു്. ഈ അവമാനവും ജർമ്മൻകാർ ഇററലിയിൽ കാട്ടുന്ന അക്രമങ്ങളുമെല്ലാം ഇററാലിയൻ ജനതക്കു വഹിക്കേണ്ടിവന്നതു് മുസ്സോളിനിയും ഹിററ്ലരുമായിട്ടുള്ള കൂട്ടുകെട്ടുകൊണ്ടാണു്, എന്നുള്ള സംഗതി ബഡോഗ്ലിയോ പ്രത്യക്ഷമാക്കിയിരിക്കുന്നു.

**ഇററലിയിൽ ഐക്യകക്ഷി സൈന്യങ്ങൾ സപ്തെമ്പർ 3-ാം തിയ്യതി ചെന്നിറങ്ങി. സലേർനോ യുദ്ധം സപ്തെമ്പർ 18-ാം തിയ്യതി. നേപ്പിൾസിന്റെ നേരെയുള്ള യുദ്ധം ഉടനെ തുടങ്ങുന്നു - - - -**

# നമ്മുടെ യുവജനങ്ങളോട്

## ആയുധമെടുക്കാനുള്ള അവകാശം നിങ്ങൾക്കാണ്

(ദിവാൻ ബഹദൂർ എം. രാമൻെറ ഒരാകാശവാണി പ്രസംഗം)

പട്ടാളത്തിലേക്ക് ആളെ എടുക്കുന്ന വ്യവസ്ഥകളെ സംബന്ധിച്ച് പ്രതിപാദിക്കുകയാണ് എൻെറ ഇന്നത്തെ പ്രസംഗ വിഷയമെങ്കിലും, യുദ്ധത്തേയും, അതിനോടു പൊതുജനങ്ങൾക്കുള്ള അനുഭാവത്തെയും, നാം ചെയ്യേണ്ടതും ചെയ്യാതിരിക്കേണ്ടതുമായ സംഗതികളെയും കുറിച്ച് അല്പം ചിലതു ആദ്യമായി പറയാതെ കഴികയില്ല.

ഞാൻ സംസാരിക്കുന്നതിനെ കേട്ടിരിപ്പാനിടയുള്ള യുവജനങ്ങളോടാണ് ആദ്യംതന്നെ എനിക്കു ചിലതു് പറവാനുള്ളതു്. ഞങ്ങൾ എന്തിനാണ് പട്ടാളത്തിൽ ചേരുന്നതു്, എന്തിനാണ് യുദ്ധത്തിന്ന് പണംകൊണ്ടു് സഹായിക്കുന്നതു്, എന്നുള്ള ചോദ്യം അവരെ ഏറക്കുറെ വിഷമിപ്പിക്കുന്നുണ്ടായിരിക്കാം. ഈ യുദ്ധത്തിൽ നാം ഒരു കക്ഷിയാണെന്നുള്ള സംഗതി ഇപ്പോൾ അനവധി ആളുകളും ധരിച്ചിരിക്കുന്നുവെന്ന് എനിക്ക് തീർച്ചയുണ്ടു്. എന്നാൽ അല്പകാലംമുമ്പ ഈ ബോദ്ധ്യം ആളുകൾക്കുണ്ടായിരുന്നില്ല. അതിന്ന് കാരണമുണ്ടു്. കുഴപ്പങ്ങൾ ഉണ്ടാക്കിത്തീർക്കണമെന്ന ഉദ്ദേശത്തോടുകൂടി പ്രചാരവേല നടന്നിരുന്ന കാലമായിരുന്നു അന്ന്. ഇന്നും നിർഭാഗ്യവശാൽ അതു് തുടർന്നുപോരുന്നുണ്ടു്. അഞ്ചാംപത്തിക്കാരുടെ ദൂഷണപ്രവൃത്തികളെ ഇല്ലാതാക്കാൻ കാര്യങ്ങൾ തുറന്നു സംസാരിക്കുകതന്നെയാണ് ഒരു കൈകണ്ട ഔഷധം. അങ്ങിനെ കേട്ടു, ഇങ്ങിനെ കേട്ടു, എന്നുള്ള അടിസ്ഥാനരഹിതമായ പ്രസ്താവങ്ങളും, കരുതിക്കൂട്ടിയുണ്ടാക്കിപ്പറയുന്ന നുണകളും ഇല്ലാതാകാൻ അവയുടെ യഥാർത്ഥം കണ്ടുപിടിച്ച് കളവുകളെ വെളിവാക്കുകയാണ് ഉത്തമമാണ്. ഇനിമേലിൽ തലപൊക്കാത്തവിധം ശത്രുപക്ഷക്കാരെ നശിപ്പിക്കാതെ നിവൃത്തിയില്ലെന്ന് നമുക്കിപ്പോൾ ബോദ്ധ്യമായി. നമ്മുടെ സ്വജനങ്ങൾക്കും രാജ്യത്തിന്നും ഉള്ള ആപത്തുകളെ അറിഞ്ഞിട്ടും നാം ഈ യുദ്ധത്തിൽ അവരവരാൽ കഴിയുന്ന സഹായം ചെയ്യാതിരിക്കുന്നപക്ഷം ഇതുവരെ ആൾനഷ്ടവും മുതൽ നഷ്ടവും വന്നതെല്ലാം വെറുതെയാവില്ലെ ? ഈ യുദ്ധത്തിൽ എന്തെങ്കിലും ഒരു സഹായം ചെയ്വാൻ നമുക്കു ആബാലവൃദ്ധം സാദ്ധ്യമാണ്. യുദ്ധത്തിൽ സഹായിക്കാൻ എല്ലാവരും തോക്കെടുക്കേണമെന്നില്ല. മററു പലേ വിധത്തിലും യുദ്ധത്തിൽ പങ്കെടുക്കാം. മറെറാന്നും സാദ്ധ്യമല്ലാത്തവന്നുകൂടി യുദ്ധകടത്തിലേക്കു പണം കൊടുത്തു സഹായം ചെയ്യാം. എന്നാൽ ഒരു യോദ്ധാവിൻെറ നിലക്കു പോർക്കളത്തിലിറങ്ങി യുദ്ധം ചെയ്വാൻ, യുവജനങ്ങളെ, നിങ്ങൾക്കുമാത്രമെ സാദ്ധ്യമുളളു. അതിനാൽ യാതൊരു ക്ലേശവും കൂടാതെ പട്ടാളത്തിൽ നിങ്ങൾ ആയിരക്കണക്കായി വന്നുചേരണം. യൌവനം കരസ്ഥമാക്കിയിരിക്കുന്ന നിങ്ങൾ വൃദ്ധന്മാരെക്കാൾ എത്ര ഭാഗ്യവാന്മാരാണ് ! ആയുധമെടുക്കാനുള്ള അവകാശം നിങ്ങൾക്കല്ലെ ഇരിക്കുന്നതു് ? നിങ്ങടെ പൌരുഷത്തിന്നും, യൌവനത്തിന്നും ഉചിതമായ ഒരു പ്രവൃത്തി ചെയ്വാൻ നിങ്ങൾക്കു ഒരു സുവർണ്ണാവസരം ലഭിക്കുന്നുവെന്നു മാത്രമല്ല, ലോകത്തിൻെറ വിശാലതയും മനുഷ്യസമുദായത്തിൻെറ മാഹാത്മ്യവും ദേശസഞ്ചാരംകൊണ്ടു് കണ്ടറിവാനും നിങ്ങൾക്കുനല്ലൊരവസരമാണിതു്. ഇന്ത്യയിലെ യുവാക്കളിൽ പലരും വീരശൃംഖല വാങ്ങിച്ചുകഴിഞ്ഞു. അവരുടെ കീർത്തി ലോകമെല്ലാം പരന്നു കഴിഞ്ഞു. 1940 ഡിസെമ്പർ

> ആയുധമെടുക്കാനുള്ള അവകാശം യുവജനങ്ങൾക്കാണ്. ഈ സംഗതികൊണ്ടു് യുവാക്കൾ വൃദ്ധന്മാരേക്കാൾ എത്ര ഭാഗ്യവാന്മാരാണ് ! യുവാക്കളെ, നിങ്ങടെ പൌരുഷത്തിന്നും യൌവനത്തിന്നും അനുരൂപമായ ഒരു പ്രവൃത്തി ചെയ്വാൻ ഇതൊരു സുവർണ്ണാവസരമാണ്. അതിനാൽ പട്ടാളത്തിൽ നിങ്ങൾ ആയിരക്കണക്കായി വന്നുചേരുവിൻ !

മാസത്തിൽ വടക്കൻ ആഫ്രിക്കയിൽവെച്ച് വേവൽ നടത്തിയ പോരിൽ വിക്രമികളായിരുന്നതു ഇന്ത്യക്കാരാണ്. ഇന്ത്യൻ സൈന്യം ഇല്ലായിരുന്നുവെങ്കിൽ മിഡിൽ ഈസ്റ്റ് പ്രദേശം രക്ഷിക്കാൻ സാധിച്ചിരുന്നില്ലെന്ന് വരാൻപോകുന്ന വൈസറോയി അടുത്ത ദിവസമാണല്ലൊ പ്രസ്താവിച്ചതു്.

### പട്ടാളപരിശീലനം

യുദ്ധം 1939 സപ്തെമ്പർ 3-ാം തിയ്യതി തുടങ്ങി. 1940ൽ ആദ്യമായി പട്ടാളത്തിലേക്കു ആളെ എടുക്കുവാനും തുടങ്ങി. ആരംഭത്തിൽ പട്ടാളത്തിൽ ചേരുവാൻ ആളുകൾ അധികമായി വന്നിരുന്നില്ലെങ്കിലും, ക്രമേണ ഏററവും തൃപ്തികരമായ നിലക്കു വന്നുചേർന്നു. പട്ടാളത്തിൽ ചേർന്നവരുടെ എണ്ണംകൊണ്ടു് നമ്മുടെ സംസ്ഥാനമാണ് അഗ്രഭാഗം വഹിക്കുന്നതു്. എണ്ണംകൊണ്ടുമാത്രമല്ല, വർണ്ണംകൊണ്ടും അങ്ങിനെയാണെന്നു പറയാം. ഇന്നത്തെ യുദ്ധം വെറും വെട്ടിക്കൊലയല്ല ; യന്ത്രപരിശീലനം അത്യാവശ്യമാണ്. അതിന്നു ബുദ്ധിയും വിദ്യാഭ്യാസവുമില്ലാതെ സാദ്ധ്യവുമല്ല. ഇതു രണ്ടും നമ്മുടെ സംസ്ഥാനത്തിലുള്ളവക്കു ധാരാളം ഉണ്ടു്. അനവധി യുവാക്കൾക്കു ഒരു സുവർണ്ണാവസരം ഉണ്ടായപോലെത്തന്നെ നിങ്ങൾക്കും ഇതൊരവസരമാണ്. നമ്മുടെ സർവ്വ യുവാക്കന്മാർക്കും പട്ടാളപരിശീലനം ലഭിക്കേണമെന്നാണെൻെറ ആഗ്രഹം. ഈ പരിശീലനം അവരുടെ സ്വഭാവത്തെ എത്ര നന്നാക്കുമെന്നറിയാമൊ ? നമ്മുടെ ജീവിതരീതിക്കു നല്ലതായ ഒരു ചിട്ട വന്നുചേരുവാൻ പട്ടാളാഭ്യാസം പോലെ മറെറാന്നുമില്ല. രണ്ടാമതു് നിരാക്ഷേപമായ അനുസരണബുദ്ധിയും, അതിൽനിന്ന് യഥാർത്ഥ നേതൃത്വത്തിൻെറ പ്രാപ്തിയും ഉളവാകുന്നു. തോക്കെടുത്തു നടക്കാൻ പഠിച്ചതുകൊണ്ടുമാത്രം ഒരുവൻ യോദ്ധാവാകയില്ല. എത്ര എത്ര അഗ്രാഹ്യമായ വിഷയങ്ങളെ സൂക്ഷ്മമായറിഞ്ഞിട്ടുവേണം ഇന്നത്തെ കാലത്തു ഒരു യോദ്ധാവാകാൻ എന്നറിയാമൊ ? ഈ യുദ്ധത്തിൽ മാത്രമല്ല, സമാധാനം വന്നുകഴിഞ്ഞാലും ഇന്ത്യയിൽ അനവധി യോദ്ധാക്കൾ അത്യാവശ്യമാണ്.

യിട്ടുള്ള വഴി. ഊഹങ്ങൾ കേട്ട് വിശ്വസിച്ചുപോകരുതെന്ന് ഞാൻ ആദ്യംതന്നെ നിങ്ങളോട് പറയട്ടെ. അവയെ വിഷമാണെന്നു കരുതി, അത്ര വെറുപ്പോടുകൂടി അകററണം. ഞാൻ തന്നെ എന്തെല്ലാം തരത്തിലുള്ള പച്ച നുണകൾ കേട്ടിട്ടുണ്ടെന്നോ ? പക്ഷെ അവയെല്ലാം നുണയാണെന്ന് ഞാൻ ഉടനെതന്നെ ജനങ്ങൾക്ക് ബോദ്ധ്യപ്പെടുത്തിക്കൊടുത്തിട്ടുമുണ്ടു്.

### ബ്രിട്ടൻെറ യുദ്ധോദ്ദേശം

ബ്രിട്ടീഷു സാമ്രാജ്യം ഇപ്പോൾ ഏർപ്പെട്ടിരിക്കുന്ന യുദ്ധത്തിൽ പങ്കെടുക്കുവാൻ വിചാരിക്കുന്ന യുവജനങ്ങൾ ആദ്യമായി ചെയ്യേണ്ടതു് ഈ യുദ്ധത്തിൻെറ ഉല്പത്തിക്ക് കാരണമായിട്ടുള്ള സംഗതികളെ മനസ്സിലാക്കുവാൻ ശ്രമിക്കുകയാണ്. 1918 ൽ അവസാനിച്ച ഒരു വലിയ യുദ്ധം മുമ്പ നടന്നു. ഇപ്പോൾ അതാ മറെറാരു യുദ്ധം. ഇതു് നമ്മളിൽ മിക്കവരുടെയും ജീവിതദശയിൽ രണ്ടാമത്തേതാണ്. അകാരണവിഗ്രഹം ഉണ്ടാക്കിത്തീർക്കുന്നവരെ അമർക്കണമെന്ന് തങ്ങൾ വരിച്ചിട്ടുള്ള ധർമ്മപരിപാലനത്തിന്നും, ചെറിയ രാഷ്ട്രങ്ങളുടെ സ്വാതന്ത്ര്യം നിലനിർത്തുവാനും, മനുഷ്യസമുദായത്തെ ധിക്കാരികളുടെ കൊള്ളയിൽനിന്ന് രക്ഷിക്കാനുമാണ ബ്രിട്ടനും ഫ്രാൻസും യുദ്ധത്തിൽ ഇറങ്ങിയതു്. ചോരമഹത്വം തങ്ങൾക്കുണ്ടെന്നുള്ള ദുരഭിമാനവും, മനുഷ്യസമുദായത്തെ ഭരിക്കാൻ തങ്ങളെയാണീശ്വരൻ കണ്ടുവെച്ചിരിക്കുന്നതെന്നുള്ള അന്ധവിശ്വാസവും കൊണ്ടു തിമിരം ബാധിച്ചിട്ടാണ് ജർമ്മനി യുദ്ധം തുടങ്ങിയതു്. ഇതേ ബുദ്ധി തന്നെ ജാപ്പാനേയും ഇററലിയേയും ബാധിച്ചു. ഇങ്ങിനെയുള്ള ഒരു യുദ്ധത്തിൽ നമുക്കൊന്നുമില്ലെന്നായിരുന്നു പലേ ആളുകളും ആദ്യകാലങ്ങളിൽ വിചാരിച്ചിരുന്നതു്. ഇങ്ങിനെയുള്ള വിചാരം യഥാർത്ഥത്തിൽ ഇടുങ്ങിയ ഒരു തരം മനസ്ഥിതിയുടെ ഫലമാണ്. പോരെങ്കിൽ, ഇത്തരക്കാർക്കു ഗവൎമ്മേണ്ടിൻെറ വക എന്തു കാര്യവും വിശ്വസിക്കരുതെന്നുള്ള നയവുംകൂടിയുണ്ടു്. എന്നാൽ ഇന്നത്തെ സ്ഥിതി നോക്കുമ്പോൾ യുദ്ധം നമ്മുടെ പടിക്കൽ എത്തിയിരിക്കുന്നു. പോർക്കളത്തിൽ മാത്രമെ യുദ്ധമുളളുവെന്നുള്ള കാലം പണ്ടു് ജാംബവാൻെറ കാലത്തായിരുന്നു. ഇപ്പോൾ നോക്കുന്നേടത്തെല്ലാം യുദ്ധരംഗ

(തുടരും)

# യുദ്ധവർത്തമാനത്തിൽ: ആരാണ്; എന്താണ്

**സലേർനോ:** ഇററലിയിൽ കടൽക്കരക്കുള്ള ഒരു പട്ടണമാകുന്നു. ഒരു നല്ല തുറമുഖമാണ്. ഈ പട്ടണം ഇററലിയിലെ കംപേനിയായെന്ന ഡിപ്പാർട്ടുമെണ്ടിൻെറ (സംസ്ഥാനം) തലസ്ഥാനമാകുന്നു. കംപേനിയാ ഇററലിയുടെ തെക്കു വശത്തു് മദ്ധ്യധരണിക്കടലിനെ തൊട്ടുകിടക്കുന്നു. ഇവിടെയുള്ള യുദ്ധരംഗം 24 നാഴിക നീളമുണ്ട്.

**അഞ്ചാംസൈന്യം:** ഇതു ഇററലിയിൽ ചെന്നിറങ്ങീട്ടുള്ള ഐക്യകക്ഷികളുടെ സൈന്യങ്ങളിൽ ഒന്നാകുന്നു. ഇതിൽ ബ്രിട്ടീഷു സൈന്യങ്ങളും അമേരിക്കൻ സൈന്യങ്ങളും ചേർന്നിട്ടുണ്ട്. ഇതിൻെറ സൈന്യ നായകനാണ് ജനറൽ ക്ലാർക്ക്. ഈ സൈന്യത്തെയാണ് ജർമ്മൻ സൈന്യം സലേർനോവിൽ വെച്ച് സെപ്തെമ്പർ 13-ാം തിയ്യതി മുതല്ക്കു നേരിട്ട് അല്പം ഒന്ന് പിന്നോക്കം വെപ്പിച്ചതു്. പക്ഷെ, 17-ാം തിയ്യതിയായപ്പോഴേക്കും ബ്രിട്ടീഷ് എട്ടാം സൈന്യം ഇവരുടെ ഒന്നിച്ചു വന്നുചേരികയും, ഐക്യകക്ഷി സൈന്യത്തിൻെറ ഗതി മുന്നോട്ടു തന്നെയാവുകയും ചെയ്തു.

**എട്ടാംസൈന്യം:** ഈ സൈന്യം 1941 ൽ ആദ്യമായി ആഫ്രിക്കയിൽ ശേഖരിച്ചതു് ജനറൽ ആച്ചിൻലക്കായിരുന്നു. ആഫ്രിക്കയിലുള്ള വിജയങ്ങളിൽ വലുതായ ഒരു പങ്ക് ഇവരുടെതാണ്. ആഫ്രിക്ക കഴിഞ്ഞ് പിന്നെ ഇവർ സിസലിയിൽവന്നു; അവിടെയും വിജയികളായി. ഇപ്പോൾ ഇവർ ഇററലിയിൽ തെക്കെ തലക്കിൽ ടറോണ്ടൊ എന്ന സ്ഥലത്തു ചെന്നിറങ്ങി വടക്കോട്ടടിച്ചുകയറുകയാണ്. അവർ അഞ്ചാം സൈന്യത്തിനോടുകൂടി യോജിച്ചിരിക്കുന്നു.

**നോവൊറോസിസ്ക്:** ഇതു് റഷ്യയിൽ കരിങ്കടലിൻെറ വടക്കുകിഴക്കൻ കരക്കുള്ള ഒരു പ്രധാന തുറമുഖപട്ടണമാകുന്നു. ഇതു് റഷ്യയിൽ കാക്കെഷ്യ എന്നു പറയുന്ന പ്രദേശത്താണ്. കരിങ്കടലിന്നും കാസ്പിയൻകടലിന്നും മദ്ധ്യത്തിലുള്ള പ്രദേശത്തിന്നാണ് കാക്കെഷ്യയെന്നു പറയുന്നതു്. ഈ പ്രദേശത്തെ കാക്കസസ്സ് പർവ്വതനിര വടക്കൻ ഖണ്ഡമായും തെക്കൻ ഖണ്ഡമായും വേർ തിരിക്കുന്നു.

**ജനറൽ റോക്കോസോസ്കി:** വടക്കൻ യൂക്കറൈനിൽ വെച്ച് റഷ്യക്കാരും ജർമ്മൻകാരുംകൂടി നടക്കുന്ന യുദ്ധത്തിൽ റഷ്യൻ സൈന്യനായകനാണിദ്ദേഹം. അടുത്തവസരത്തിൽ ഇദ്ദേഹത്തിൻെറ സൈന്യമാണ് നെസീൻ പട്ടണം പിടിച്ച് ജർമ്മൻകാരെ ഓടിച്ചതു്. ഇപ്പോൾ ഇദ്ദേഹത്തിൻെറ കീഴിലുള്ള സൈന്യം യുക്കറൈനിൻെറ തലസ്ഥാനമായ കീവ് നഗരിയിലേക്കാണു കുതിക്കുന്നതു്.

**ജനറൽ മെലിനോവ്സ്കി:** തെക്കൻ യൂക്കറൈനിൽ യുദ്ധം ചെയ്യുന്ന റഷ്യൻ സൈന്യത്തിൻെറ നേതാവാണ് ഇദ്ദേഹം.

**യൂക്കറൈൻ:** പതിനാറ് റിപ്പബ്ലിക്കൻ കോയ്മകൾ ചേർന്നിട്ടുള്ള ഒരു ഐക്യ സംഘടനയാണ് ഇന്നു നാം റഷ്യയെന്നു പറയുന്ന പ്രദേശം. ഈ പതിനാറിൽ ഒന്നാകുന്നു യുക്കറൈൻ. ഇതിൻെറ തലസ്ഥാനമാണ് കീവ്. യുക്കറൈൻ നീപ്പർ നദിയുടെ കിഴക്കും ഡോൺ നദിയുടെ താഴ്വരയിലുമാണ് കിടക്കുന്നതു്.

**ബ്രീയാൻസ്ക്:** ഇതു റഷ്യയിലുള്ള ഒരു നഗരിയാകുന്നു. ഓറൽ പട്ടണത്തിൽനിന്ന് 75 നാഴിക പടിഞ്ഞാറാണ് ഇതു സ്ഥിതി ചെയ്യുന്നതു്. ദേസ്നാ എന്ന ഒരു നദിയുടെ തീരത്താണ്. ഇതു റഷ്യൻ യുദ്ധരംഗത്തിൽ മദ്ധ്യഖണ്ഡത്തിൽ കിടക്കുന്ന ഒരു നഗരിയാകുന്നു. ജർമ്മൻ സൈന്യം ഈ നഗരിയെ 1941 സെപ്തെമ്പർ മാസത്തിൽ പിടിച്ചെടുത്തതിന്നു ശേഷം അവിടെ ഒരു വലിയ ജർമ്മൻ സൈന്യകേന്ദ്രമായിരുന്നു.

**സ്മോളൻസ്ക്:** ഈ നഗരി റഷ്യയുടെ തലസ്ഥാനമായ മോസ്കോ നഗരിക്കു 200 നാഴിക പടിഞ്ഞാറു കിടക്കുന്ന ഒരു വ്യവസായകേന്ദ്രമാകുന്നു. റഷ്യയും ജർമ്മനിയും തമ്മിലുള്ള യുദ്ധം തുടങ്ങി 1941 ആഗസ്റ്റ് 21-ാം തിയ്യതിക്കു ജർമ്മൻകാർ പിടിച്ചെടുത്തു.

**കീവ്:** യൂക്കറൈനിൻെറ തലസ്ഥാന നഗരിയാകുന്നു. ഇതു ജർമ്മൻ സൈന്യം 1941 സെപ്തമ്പർ മാസത്തിൽ പിടിച്ചു. അതു പിടിച്ചെടുക്കുവാനാണ് റഷ്യൻ സൈന്യം ഇപ്പോൾ പുറപ്പെട്ടിരിക്കുന്നതു്.

**പാവലോഗ്രാഡ്:** ഈ പട്ടണം വടക്കൻ യൂക്കറൈനിലുള്ളതാകുന്നു. ഇതൊരു റെയിൽവെ ജങ്ക്ഷനാണ്. കീവിൽനിന്ന് ഈ സ്ഥലത്തേക്കു 45 മൈൽ ദൂരമെയുള്ളു.

**ഗോമൽ:** ഇതു റഷ്യൻ യുദ്ധരംഗത്തിൽ മദ്ധ്യഖണ്ഡത്തിലുള്ള ഒരു പ്രധാന റെയിൽവെ ജങ്ക്ഷനാണ്. ഇപ്പോൾ ഇതു ജർമ്മൻകാരുടെ ഒരു സൈന്യകേന്ദ്രവുമാകുന്നു.

**റോഡ്സ്:** ഇതു കിഴക്കൻ മദ്ധ്യധരണിക്കടലിലുള്ള ഒരു ദ്വീപാകുന്നു. ഇററലിക്കാരുടെ കൈവശം ഇതുവരെയുണ്ടായിരുന്ന ഡോഡെക്കാനീസ് ദ്വീപുകളിൽ ഒന്നാകുന്നു ഇതു്.

---

### വിജയക്കൊടിയുയർന്നു

(നതോന്നത)

ആരാലാരാലിങ്ങണഞ്ഞിത്തീരാപ്പ്രൗഢാഭാരം വിട്ടു-
വാരാൻ്റിന്നാവിജയശ്രീ വിളയാടുന്നു-
സഖ്യസേനാബലത്തിങ്കൽ, ഉൽക്കടശത്രുസംഹാര
വിക്രമഭ്രക്ഷണ, സാക്ഷാൽസജ്ജനാവന.
പശ്ചിമദേശത്തിലസ്സൽ പക്ഷംചേർന്നിട്ടിററലിയെ
പക്ഷമറേറാരീയൽകണക്കുഴിയിൽ വീഴ്ത്തി.
നാസികക്ഷിസംഘടിത സംഗരജനത്തിൻമുന്നിൽ
വാശിവിട്ടു കൂപ്പുകൈത്താരർച്ചിച്ചിടുന്നു.
ഏക്ഷസൌഖ്യംവീണ്ടും മന്നിലീക്ഷലീക്ഷലെങ്ങുമായി
ദോഷഹീനസ്ഥിതിമർത്ത്യന്നറിഞ്ഞുപോയി.
ബ്രിട്ടനാൻ്റതൊട്ടധികമുററവരുംകൂടിക്കൂടി,
തെറെറന്നാവിജയക്കൊടിയുയർന്നുപാറി.
ഒത്തുനമ്മളുലകിന്നീ യുദ്ധംതീരെ നീങ്ങിപ്പോവാ-
നുത്തരോത്തരം സഹായം മേല്ക്കുമേൽനൽകി;
പൂർണ്ണതതടവും ജയം ചേർന്നിടുവാൻ സഖ്യബലം
നേർന്നിടുകെപ്പൊഴും നമ്മളീശ്വരൻ മുന്നിൽ

---

### "സഖ്യസേനാബലം പേർത്തും ജയിക്കട്ടെ"

ആമോദപൂർവ്വമപ്പശ്ചിമ ദേശത്തിൽ
ശ്രീമികവേലും വിജയം വരിക്കയായ്,
സംഘടിതാഹവരംഗം നിർന്തര-
സങ്കടം നീങ്ങാനാഴ്മുഴിയിൽ നിന്നിന്നി.
ബ്രിട്ടനെ നിശ്ശേഷം കുമ്പിട്ടു കൂപ്പുന്നു
ഇററലി തീരെ പരാജിത രാഷ്ട്രമായി.
ക്ഷേമത്തിന്നങ്കരമൊട്ടൊട്ടായുണ്ടെങ്ങും
ഭൂമിയിൽ മേലിലാം സൌഖ്യംതാനെന്നെന്നും
കേവലം ജർമ്മനിനണ്ണാത്തോരീവിധം
ഭാവമാംഗ്ലേയർക്കിയന്നതു കണ്ടല്ലി.
സ്ലബ്ധജനാവലി കൊണ്ടേറെ നാസീസം
ലുപ്തബലംപെട്ടു നട്ടംതിരിയുന്നു.
നിർണ്ണയം നന്മയേ മന്നിൽ ജയംനേടും
ഒന്നിച്ചിനി നമ്മൾ എങ്ങും ജയിക്കുമേ.
പൂർണ്ണജയശ്രീതൻ പുഞ്ചിരിപ്പാടിതാ
ആണ്മയിൽ തൂമലരായെങ്ങും കാണുന്നു.
ആശ്വാസതെന്നലീപ്പൂക്കൾ തിരണ്ടുള്ള-
സാച്ഛസമതപ്പരിമളം വീശുന്നു.
കീർത്തിച്ചുപാടി കളിക്കുക നാമിദം
പേർത്തും ജയിക്കട്ടെ സഖ്യസേനാബലം.

# ഈയാഴ്ച: യുദ്ധരംഗങ്ങൾ

സെപ്തംബർ 16-ാം തിയ്യതി: സലേർനോവിൽ ഐക്യകക്ഷി സൈന്യങ്ങൾക്കു അല്പനേരത്തേക്കു ബാധിച്ച മോഹാലസ്യം തീർന്നു അവർ ജർമ്മൻ സൈന്യത്തെ എതൃക്കുന്നു.

വേവൽ പ്രഭുവിൻെറ പ്രസംഗം. ഇന്ത്യയിൽ താൻ വൈസറോയിയായി വന്നാൽ തനിക്കു കർത്തവ്യമായിട്ടുള്ള വിഷയങ്ങളെപ്പററി പ്രസ്താവിക്കുന്നു.

റഷ്യൻ സൈന്യം നോവോറോസിസ്ക് നഗരി ജർമ്മൻകാരുടെ വക്കൽനിന്നു പിടിച്ചെടുക്കുന്നു. ജർമ്മൻകാർ ഇതിനെ കൈവശപ്പെടുത്തിയതു 1942 സെപ്തംബർ 12-ാം തിയ്യതിയായിരുന്നു.

ഐക്യകക്ഷി സൈന്യങ്ങൾ ഇററലിയുടെ കൈവശം കിഴക്കൻ മദ്ധ്യധരണിക്കടലിലുണ്ടായിരുന്ന ഡോഡെക്കാനീസ് ദ്വീപുകളിലെ ലെറോ, എന്ന ദ്വീപിൽ സെപ്തംബർ 13-ാം തിയ്യതി പ്രവേശിച്ചുവെന്നുള്ള സംഗതി ഇന്നു പുറത്തുവന്നു.

സെപ്തംബർ 17-ാം തിയ്യതി: അമേരിക്കൻ കോൺഗ്രസ്സ് (പാർലിമെണ്ടു്) സഭ കൂടിയവസരത്തിൽ പ്രസിഡെണ്ടു് റൂസ്‌വെൽട്ട് ഒരു സന്ദേശം അയക്കുന്നു.

ഐക്യകക്ഷികളുടെ അഞ്ചാം സൈന്യവും ബ്രിട്ടീഷ് എട്ടാം സൈന്യവും കൂടി സലേർനോവിൽ കൂടിച്ചേരുന്നു

റഷ്യൻ സൈന്യം ജർമ്മൻകാരുടെ വക്കൽനിന്നു ബ്രിയാർസ്ക് നഗരം പിടിച്ചെടുക്കുന്നു.

ഐക്യകക്ഷി സൈന്യങ്ങൾ റോഡ്സ് ദ്വീപിൽ ഇറങ്ങിയിരിക്കുന്നു. കോസ്, ലെറോസ്, എന്നീ ദ്വീപുകളിലും ഇറങ്ങീട്ടുണ്ടു്.

സെപ്തംബർ 18-ാം തിയ്യതി: റഷ്യൻ സൈന്യം പാവലോഗ്രാഡ് പട്ടണം ജർമ്മൻ സൈന്യത്തിൻെറ വക്കൽനിന്നു പിടിച്ചു.

തെക്കുപടിഞ്ഞാറൻ ശാന്തസമുദ്ര രംഗത്തിൽ ന്യൂഗിനിയാ ദ്വീപിൽ ജാപ്പാൻെറ ഒരു വലിയ സൈന്യസങ്കേതമായ ലെ പട്ടണം ഐക്യകക്ഷി സൈന്യങ്ങൾ സെപ്തംബർ 16-ാംതിയ്യതി പിടിച്ചുവെന്നുള്ള വർത്തമാനം ഇന്നത്തെ ഒരു പ്രഖ്യാപനം കൊണ്ടറിയുന്നു.

മുസ്സോളിനി ഇററാലിയൻ ജനതയോടു ആകാശവാണിയിൽ പ്രസംഗിക്കുന്നു.

ബ്രിട്ടീഷുസൈന്യം ഗ്രീസിലെ ഒരു ദ്വീപായ സാമോസിൽ ചെന്നിറങ്ങി ദ്വീപിനെ കയ്യിലാക്കിയിരിക്കുന്നു.

സെപ്തംബർ 19-ാം തിയ്യതി: ശാന്തസമുദ്രത്തിൽ മദ്ധ്യപ്രദേശത്തു ഹാവായ് ദ്വീപിൽ അമേരിക്ക പുതുതായി ഒരു സൈന്യസങ്കേതം സ്ഥാപിച്ചിരിക്കുന്നു.

ഡോഡെക്കാനിസ്സ് ദ്വീപുകളിൽ കാസലോറിസോ എന്ന ദ്വീപു ബ്രിട്ടീഷുസൈന്യം കൈവശപ്പെടുത്തിയിരിക്കുന്നു.

മി. ചർച്ചിൽ അമേരിക്കയിൽനിന്നു മടങ്ങി ഇംഗ്ലണ്ടിൽ എത്തി. ഇത്തവണ മി. ചർച്ചിലും പ്രസിഡെണ്ടു് റൂസ്‌വെൽട്ടുമായി ആറാമത്തെ കൂടിക്കാഴ്ചയായിരുന്നു. മി. ചർച്ചിൽ ഈ പ്രാവശ്യം അമേരിക്കക്കു പോയതു ആഗസ്ത് 10-ാം തിയ്യതിയാണു്.

ജർമ്മൻ സൈന്യനായകൻെറ ഒരു വിളംബരമനുസരിച്ചു് ജർമ്മൻ സൈന്യം ഇററലിയെ കൈവശം വെച്ചിരിക്കുന്നു.

ജർമ്മൻകാർ മദ്ധ്യ ധരണിക്കടലിലെ സാർഡീനിയാ എന്ന ദ്വീപിൽനിന്നൊഴിച്ചുപോയിരിക്കുന്നു.

ഇന്നത്തെ തിയ്യതിക്കു സ്റ്റാലിൻെറ ഒരു വിളംബരം പ്രസിദ്ധം ചെയ്തിരിക്കുന്നു. ജർമ്മൻകാരുടെ സൈന്യകേന്ദ്രങ്ങളായ സ്മോളൻസ്ക് നഗരിക്കും കീവിന്നും നേരെ റഷ്യൻ സൈന്യം അതിവേഗത്തിൽ കുതിക്കുന്നു. പോകും വഴിയിൽ, സ്മോളൻസ്ക് വഴിക്കു യാർട്ട് സേവോ, ഡുഖോചിന എന്നീ സ്ഥലങ്ങളും, കീവ്‌വഴിക്കു പ്രിലൂക്കി, ലൂബനി, ക്രാസ്നോഗ്രാഡ്. റോംനി എന്നീ സ്ഥലങ്ങളും റഷ്യക്കാർ പിടിച്ചിരിക്കുന്നു.

സെപ്തംബർ 20-ാം തിയ്യതി: ഐക്യകക്ഷി സൈന്യങ്ങൾ ഇററലിയിൽ നേപ്പിൾസ് തുറമുഖത്തെ പടക്കപ്പലുകളിൽനിന്നു് വെടി തുടങ്ങിയിരിക്കുന്നു.

ജർമ്മൻകാരെ ഇററലിയിൽനിന്നു് ഓടിക്കുവിൻ എന്നു് ഉൽബോധിപ്പിച്ചുകൊണ്ടു് ബഡോഗ്ലിയൊ ഒരാകാശവണി സന്ദേശം ഇററലിക്കാർക്കു് നൽകി.

ശത്രുപക്ഷക്കാരുടെ ഒരു വിമാനം കൊളമ്പിൽ കാണുകയുണ്ടായി. ഉപദ്രവം ഒന്നും ചെയ്തില്ല.

സെപ്തംബർ 21-ാം തിയ്യതി: യുദ്ധഗതിയെക്കുറിച്ചു് മി. ചർച്ചിൽ പാർളിമെണ്ടിൽ പ്രസംഗിക്കുന്നു.

(4-ാം പേജിൽനിന്നു് തുടർച്ച)

മായിട്ടാണു് സമാധാന സംഭാഷണം നടത്തിയതു്. ഐക്യകക്ഷികളുടെ ഇഷ്ടമനുസരിച്ചു് സമാധാന ഉടമ്പടി ചെയ്യാൻ ബഡോഗ്ലിയോവിന്നു സമ്മതമായിരുന്നുവെങ്കിലും ഇററലിയിൽ ജർമ്മൻ സൈന്യത്തിൻെറ സന്നിധാനം ഉടമ്പടിയെ നിറവേററാൻ സാദ്ധ്യമല്ലാതാക്കി. ഒടുവിൽ സെപ്തംബർ 3-ാം തിയ്യതി സിറാക്യൂസിൽ വെച്ചു് സമാധാന ഉടമ്പടി ഒപ്പിട്ടു. ജർമ്മൻ സൈന്യം ഇററലിയെ രക്ഷിക്കാൻ വേണ്ടിയല്ലാ അവിടെവന്നു ചേർന്നതു്; ഐക്യകക്ഷിസൈന്യങ്ങൾ ഇററലിയിൽ നില്ക്കുന്നകാലത്തോളം തെക്കൻ ജർമ്മനി വിമാന സൈന്യത്തിന്നു് ഒന്നാന്തരം ലക്ഷ്യമാണു്.

# റഷ്യാ – ജർമ്മൻ യുദ്ധം

## 211-ാമത്തെ ആഴ്ച

## 1941 ജൂൺ 22-ാം തിയ്യതി ആരംഭിച്ചു






ഇററലി
ഹിററ്ല
റോട്ട് : ഇനി
എന്നെ
അനന്തൻ
കാട്ടിൽ

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, " VICTORY HOUSE ", MOUNT ROAD, MADRAS.